# AL FAROOKHIA HSS



# ദർപ്പൺ

## 2023 -24



DIGITAL MAGAZINE

LITTLE KITES

# വർണ്ണ പകിട്ടിന്റെ പ്രതിച്ഛായ

## എഡിറ്റോറിയൽ


പ്രിയരെ, ഭാവനകൾക്ക് നേരെ പിടിച്ച കണ്ണാടി ,....''ദർപ്പൺ'' ഡിജിറ്റൽ മാഗസിനിൽ സ്കൂൾ വിദ്യാർത്ഥികൾ തയാറാക്കിയ നിരവധി കവിതകളും കഥകളും വായിച്ച് ആസ്വദിക്കാം.

കവിതയുടെ അനന്യ സൗന്ദര്യവും ആശയവും മികച്ച രീതിയിൽ കാണാം. പ്രണയത്തിന്റ തണുപ്പിലേക്ക് നയിക്കുന്നതും ജീവിതത്തിന്റെ രഹസ്യങ്ങളിലേക്ക്.... അവരുടെ പരിമിതികളും വാക്കുകളും നിറയ്ക്കുന്നതും.... ആസ്വദിക്കാം. തങ്ങളുടെ അനുഭവങ്ങൾക്ക് നിറം പകരുന്ന താളുകൾ.... വർണ്ണനകൾ കൊണ്ട് അമ്മാനമാടുന്ന വരികൾ.... വായിച്ചവയെ ഏറ്റവും ആകർഷകമായി അവതരിപ്പിക്കുന്ന ആസ്വാദനക്കുറിപ്പുകൾ.... കുട്ടിയെഴുത്തുകൾ വായനക്കായി നിങ്ങളുടെ മുൻപിലേക്ക് പേജുകൾ തുറക്കട്ടെ......


വിദ്യാർഥികൾ എഴുതിയ കഥകൾ, കവിതകൾ എന്നിവ കാണാനായി തുടരുക. കൂടുതൽ വിവരങ്ങൾ അടുത്ത പേജിൽ

**ചീഫ് എഡിറ്റർ**

**SANHA FATHIMA 9C**



# EDITORS








# OUR ARTISTS







# INDEX


| PAGE NO | TITLE |
|---|---|
| 5 | പൊട്ടിയ ഭിക്ഷ പാത്രവും ഭിക്ഷക്കാരനും: അതുൽ കൃഷ്ണ 6A |
| 6 | ഒരു സഹോദരി ശ്രുതി താളം : റഹ്മത്ത് റഹീം 6 B |
| 7 | കക്കാശിയിലെ കറുത്ത പെൺകുട്ടി : ആയിഷ ഫദ്‌വ 9B |
| 12 | അപമാനം ഊർജ്ജമാക്കിയവൻ : മുഹമ്മദ് ഹലീം8C |
| 13 | അറിയാത്ത ജന്മങ്ങൾ : മുജീബ് പി യു 8A |
| 14 | എന്റെ ഉപ്പുപ്പാ : മുഹമ്മദ് ഫഹദ് , 8B |
| 16 | HONESTY : FIDHA FATHIMA CS, 9C |
| 17 | ഇരകൾ വേട്ടയാടുമ്പോൾ : അൻസിയ ബൈജു 8B |
| 18 | Is mobile phone is a boon or bane : Jennifer NX 9B |
| 19 | കാക്കിക്കുള്ളിലെ കലാകാരൻ : ഭാഗ്യ ലക്ഷ്മി 8B |
| 20 | കുട്ടികളുടെ സുഹൃത്തുക്കൾ : അഞ്ജു V.R 9 C |
| 22 | മടിയനായ വിനു : അഞ്ജന വി വി , 6A |
| 24 | കടുവയെ രക്ഷിച്ച മാൻ ആഡ്റൈൻ ആന്റണി 6 A |
| 25 | The moment ANJU V.R , 9 C |
| 26 | പുഞ്ചിരി : ദിയ ഫാത്തിമ 9C |
| 27 | ടാറ്റയുടെ വിജയഗാഥ : മുഹമ്മദ് ഹലീം 8C |
| 28 | ഉമ്മയാണ് എന്റെ ജീവിതം : മറിയം പി എച് , 5A |
| 29 | വേർപാട് : അഞ്ജു V.R , 9 C |
| 30 | ഓർമ്മകളിലെ അവൾ : നിവേദ്യ ടി എസ്, 9B |
| 35 | മൺതരിയിൽ നിന്ന് മലയിലേക്ക് : മുഹമ്മദ് റൈഹാൻ , 6A |
| 36 | സന്തോഷവദിയായ അമ്മൂമ്മ : സാറ മനോജ് 8B |
| 39 | ഇരുട്ടിന്റെ ആത്മാവ് : അബ്ദുൽ ബാസിത് 10B |
| 41 | ആർട് ഗാല്ലറി |

# പൊട്ടിയ ഭിക്ഷപാത്രവും ഭിക്ഷക്കാരനും



**Athul krishna 6A**

ശൂരനാട് രവിയുടെ ബാലകഥയായ പൊട്ടിയ ഭിക്ഷാപാത്രവും ഭിക്ഷക്കാരനും എന്ന ബാലകഥയുടെ ആസ്വാദനകുറിപ്പാണ് ഇത്. കളിയിലൂടെ കാര്യം എന്നതുപോലെ ഒരു ചെറിയ കളിയിലൂടെ വലിയ ഒരു സത്യമാണ് കലാകാരൻ നമ്മെ പഠിപ്പിക്കുന്നത്. ആനക്കളി എന്ന കളിയിലൂടെ വലിയ ധനികനായി മാറിയ ഒരാളാണ് ധനപാലൻ. ആനക്കളി എന്ന് പറഞ്ഞാൽ ഒരാൾ പറയുന്ന സാധനം മറുപക്ഷക്കാരൻ കൊടുക്കണം അല്ലെങ്കിൽ അയാൾ കളിയിൽ പരാജയപ്പെടും ഇങ്ങനെ എല്ലാവരെയും പറ്റിച്ച് ധനികനായ ഒരു വ്യക്തിയാണ് ധനപാലൻ. അയാൾ ആനകളിക്കുന്നുണ്ടോ എന്ന് എല്ലാവരെയും വെല്ലുവിളിച്ചുനടന്നു. അങ്ങനെ ഒരിക്കൽ അയാളുടെ വെല്ലുവിളി ഒരു ഭിക്ഷക്കാരൻ ഏറ്റെടുക്കുന്നു. ഭിക്ഷക്കാരൻ കളിയിൽ ആവശ്യപ്പെട്ടത് പൊട്ടിയ ഭിക്ഷാപാത്രമാണ്. എന്നാൽ അത് കൊടുക്കാൻ ധനപാലന്റെ കൈകളിൽ ഉണ്ടായിരുന്നില്ല. അങ്ങനെ ധനപാലൻ കളിയിൽ തോൽക്കുന്നു. ധനപാലൻ അങ്ങനെ ഭിക്ഷക്കാരനായി മാറുകയും ഭിക്ഷക്കാരൻ ധനികനാവുകയും ചെയ്തു. ലക്ഷപ്രഭു ഭിക്ഷക്കാരനാവാൻ അധികം സമയം വേണ്ട. ധനികനാവാൻ എന്ത് കള്ളത്തരവും ചെയ്യുന്നവർക്കുള്ള ഒരു പാഠമാണ് ഈ കഥ. മറ്റുള്ളവരെ പറ്റിച്ച് ഉണ്ടാക്കുന്നത് നിലനിൽക്കുകയില്ല പണ്ട് കവി പാടിയതുപോലെ

" രണ്ടുനാലുദിനം കൊണ്ടൊരുത്തനെ
തണ്ടിലേറ്റി നടത്തുന്നതും ഭവാൻ
മാളിക മുകളേറുന്ന മന്നന്റെ
തോളിൽ മാറാപ്പുകെട്ടുന്നതും ഭവാൻ "

# ഒരു സഹോദരി ശ്രുതിതാളം



**Rahmath 6B**

ഒരിടത്ത് ഒരു പച്ചമസൂര എന്ന ഗ്രാമത്തിലെ ഒരു വയലിന്റെ അടുത്ത ഒരു ഓലമേഞ്ഞ വീട്ടിൽ സതോഷിന്റെയും രണ്ടാം ഭാര്യ സുമയുടെയും മക്കളാണ് ദയയും രാമുവും. ഇവർ രണ്ടും സഹോദരങ്ങൾ ആണ് എന്നാൽ ദയ ആദ്യത്തെ ഭാര്യയുടെ മകളാണ് അതുകൊണ്ട് രണ്ടാം ഭാര്യ സുമക്ക് ദയയെ ഇഷ്ടമല്ല. എന്നാൽ സതോഷിന് രണ്ടു മക്കളും ഒരേപോലെ ആയിരുന്നു. ദയ എന്ന പെൺകുട്ടിക്കും നല്ല സ്വഭാവത്തിന് അവകാശി ആയിരുന്നു. എന്നാൽ സുമക്ക് ദയയെ ഇഷ്ടമല്ലാത്ത കാരണത്താൽ ദയയെ ഈ വീട്ടിൽ നിന്ന് പുറത്താക്കണം എന്നാണ് ലക്ഷ്യം. അതുകൊണ്ട് ഒരു ദിവസം പൂജാമുറിയിൽ ഇരുന്ന സ്വര്ണാഭരണങ്ങൾ എടുത്ത് ദയയുടെ ബാഗിൽ വെച്ച് അമ്മ അച്ഛൻ സതോഷിനെയു അനിയൻ രാമുവിനെയും വിളിച്ചു പറഞ്ഞു എന്റെ സ്വര്ണാഭരണങ്ങളും പൂജ മുറിയിൽ ഇരുന്ന വെള്ളിയും കാണ്മാനില്ല. അതുകേട്ട സന്തോഷ് ഉടൻ പറഞ്ഞു വേഗം എല്ലായിടത്തും തപ്പുക അപ്പോൾ സുമ പറഞ്ഞു ദയയുടെ ബാഗ് നമുക്ക് തപ്പാം. അപ്പോൾ അച്ഛൻ പറഞ്ഞു നീ എന്തിനാണ് പാവം ദയ യുടെ ബാഗ് തപ്പുന്നത് എന്ന് ചോദിച്ചു. അപ്പോൾ സുമ പറഞ്ഞു അതൊന്നും കൊഴപ്പമില്ല. ദയയുടെ ബാഗ് പരിശോദിച്ചു അപ്പോൾ ഒരു വെള്ളിയും സ്വര്ണാഭരണവും അവളുടെ ബാഗിൽ നിന്ന് കണ്ടെത്തി.അപ്പോൾ സുമ അവൾ ഒരു കള്ളിയാണെന്ന് വരുത്തി വീട്ടിൽ നിന്ന് പുറത്താകാൻ ശ്രമിച്ചു. ഉടൻ രാമു അവിടെ വന്നു അമ്മയാണ് ചേച്ചിയുടെ ബാഗ് ഇത് എടുത്ത് വെച്ചത് എന്ന് പറഞ്ഞു . പിന്നീട ആ നാട്ടിൽ ഒരു വെള്ളപൊക്കം വന്നു.അപ്പോൾ അച്ഛനും അമ്മയും മരണപെട്ടു. പിന്നീട സഹോദരങ്ങളെ രണ്ട കുടുംബക്കാർ ഏറ്റെടുത്തു വളർത്തി. കുറെ നാളുകൾക്കു ശേഷം . ദയ ഒരു ഡോക്ടർ ഉം രാമു ഒരു എഞ്ചിനീയർ ഉം ആയിരുന്നു.അവർ ഒരു ഇന്റർവ്യൂവിൽ വെച്ച് കണ്ടുമുട്ടി. പെട്ടന്ന് തന്നെ അവർ സഹോദരന്മാർ അൺഇന് തിരിച്ചറിഞ്ഞു. അവർ ഒരുമിച്ചു നാട്ടിലേക്ക് മടങ്ങി.

# കക്കാശി യിലെ കറുത്ത പെൺകുട്ടി



**AYISHA FADUVA 9B**

കക്കാശി എന്നൊരു ഗ്രാമം ചെറു ചെറു കുടിലുകൾ നിറഞ്ഞ ഒരു ഇടുങ്ങിയ വഴി ഒരു കുടിലിൽ ഒരു അമ്മയും അച്ഛനും രണ്ട് കുട്ടികളും അടങ്ങിയ ഒരു കൊച്ചു കുടുംബം കഥയിലെ താരം അവളാണ് തെരേസ അവൾ ജീവിതം എന്തെന്നറിയുന്നതേ ഉള്ളു 14 വയസ്സാണ് അവൾക്ക് അവളെ സംബന്ധിച്ച് അവളുടെ ജീവിതത്തിലെ ക്രൂരമായ ശാപമാണ് അവളുടെ നിറമെന്നത് അവളെ അവൾ തന്നെ വർണ്ണിക്കുന്നത് വിരൂപി എന്നാണ് അവൾക്ക് ഒരു അനുജൻ ഉണ്ട് തമാക്കോ 12 വയസ്സാണ് അവന് കക്കാഷി എന്ന ഗ്രാമത്തിലെ ഏക സുന്ദരൻ എന്നറിയപ്പെടുന്നത് അവനായിരുന്നു അതുകൊണ്ടുതന്നെ അവൻ പലപ്പോഴായി തെരേസയോട് ചോദിക്കുമായിരുന്നു "ചേച്ചി മാത്രമെന്താ കറുത്തുപോയത്" ആ ചോദ്യം അവളെ വല്ലാണ്ട് സങ്കടപ്പെടുത്തുമെങ്കിലും അവൾ സ്വയം പറയും "അവൻ ചെറുതല്ലേ അവനിക്ക് എന്തറിഞ്ഞിട്ടാ" പക്ഷേ അവളുടെ അച്ഛനും അമ്മയും അവളെ അതിലുപരി സങ്കടപ്പെടുത്തിയിരുന്നു അവൾ പുറത്തുപോലും ഇറങ്ങാൻ താല്പര്യപ്പെട്ടിരുന്നില്ല കാരണം അറിയാതെ പോലും അവളെ കാണുന്നവർ ദയപ്പെട്ട് തിരികെ പോകുന്നതായാണ് അവൾക്ക് തോന്നിയിരുന്നത് നാട്ടുകാർ തളർത്തുമ്പോഴും അവളുടെ അമ്മ പോലും അവളെ പല സാഹചര്യങ്ങളിലും തള്ളിപറഞ്ഞിട്ടുണ്ട് അവൾ ഒരു വസ്തുവിൽ തൊട്ടാൽ "നീ എന്തിനാ അനാവശ്യമായി ഓരോന്നും എടുക്കുന്നത് അതും കൂടി കറുപ്പിക്കാൻ ആണോ" എന്ന രീതിയിൽ പല പരിഹാസങ്ങളും ഒരു ദിവസം അവളുടെ അമ്മയും അച്ഛനും അനുജനും കൂടി പുറത്തു



പോകുവാൻ ഇറങ്ങുന്ന അവൾ പ്രതീക്ഷയോടെ ചോദിച്ചു "ഞാനും വരട്ടെ അച്ഛാ" "വേണ്ടാ നിനക്ക് ചെലവഴിക്കാനുള്ള തുക എന്റെ കയ്യിൽ ഇല്ല" പതിയെ ആണെങ്കിലും അവൾ അറിയാൻ തുടങ്ങി തന്റെ മാതാപിതാക്കൾ പോലും തന്നെ സഹിക്കുകയാണെന്ന് ദിവസങ്ങൾ പോകുന്തോറും അവളുടെ ചിന്തകൾ മാനസികമായി അവളെ തന്നെ തളർത്തി തുടങ്ങി. അങ്ങനെ ഒരിക്കൽ അവൾ ചിന്തിച്ചു എന്തിനാ ഞാൻ ഇവിടെ ഒരു ഭാരമായി നിൽക്കുന്നത് ഞാനിവിടെന്ന് പോയാൽ പോലും ആർക്കും ഒരു നഷ്ടവുമില്ല എന്റെ മാതാപിതാക്കൾക്ക് എന്നെ വേണ്ട പക്ഷേ എന്റെ അനുജനോ അവനെ സംരക്ഷിക്കാൻ ഞാനിവിടെ വേണ്ടേ ഏയ് എന്നെ പോലെയല്ല അമ്മയും അച്ഛനും അവനെ നന്നായി നോക്കുന്നുണ്ട് അവൻ ഭാഗ്യവാനാ ഞാൻ ഇവിടെ നിൽക്കേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല അവൾ ഇതൊക്കെ ചിന്തിക്കുന്നതിനിടെ അവൾ പോലും അറിയാതെ അവളുടെ കണ്ണുകൾ തുളുമ്പുന്നുണ്ടായിരുന്നു പെട്ടെന്നെടുത്ത തീരുമാനം എന്നതുപോലെ അവൾ അവിടെ നിന്നിറങ്ങുവാൻ തീരുമാനിച്ചു ഒരു കീറിപ്പഴകിയ സഞ്ചി യെടുത്ത് അവൾക്കാവശ്യമുള്ള വസ്ത്രങ്ങളെല്ലാം എടുത്ത് വെച്ച് അവൾ പടിയിറങ്ങി അപ്പോഴാണെങ്കിൽ അമ്മയും അച്ഛനും മരുന്നിനൊ മറ്റോ പുറത്തു പോയേക്കുവായിരുന്നു അവൾ നടക്കുന്ന വഴികളിൽ അവൾക്കെതിരെ വരുന്നവരെല്ലാം അവളെ സൂക്ഷ്മമായി നിരീക്ഷിക്കുന്നുണ്ടായിരുന്നു അവൾ അതൊന്നും കാര്യമാക്കാതെ മുന്നോട്ട് നടന്നു അങ്ങനെ നടന്നു നടന്നു അവൾ ക്ഷീണിതയായി അവസാനം അവൾ റെയിൽവേ സ്റ്റേഷനിൽ എത്തി തിക്കിനും തിരക്കിനുമിടയിൽ അവൾ ധൈര്യം കൈവരിച്ചു മുന്നോട്ടു നടന്നു എങ്ങോട്ടെന്നോ എവിടെക്കെന്നോ അറിയാത്ത ഒരു ട്രെയിനിൽ അവൾ കയറി കൺമുന്നിൽ കണ്ട ഒഴിഞ്ഞ സീറ്റിലേക്ക് അവൾ ഭയത്തോട് കൂടി ചെന്നു. എല്ലാവരും അവരവരുടേതായ തിരക്കിൽ മുഴുകി ഇരിക്കുന്നതിനാൽ തന്റെ നിറത്തെ നിരീക്ഷിക്കുന്നില്ല എന്ന സമാധാനത്തോടെ അവൾ അവിടെ ഇരുന്നു അവൾക്കെതിരെ ഇരിക്കുന്ന വ്യക്തി അവളെ നോക്കി പുഞ്ചിരിച്ചു ആ പുഞ്ചിരി അവളെ സന്തോഷഭരിതയാക്കി കാരണം ഇത്രയധികം കാലം ജീവിച്ചിട്ടും ഒരു മനുഷ്യൻ പോലും സംസാരിച്ചത് പോയിട്ട് പുഞ്ചിരിക്കുക പോലും ചെയ്തിട്ടില്ല അതെല്ലാം സ്വയം മറന്നു മൗനമായി അവൾ ട്രെയിനിന്റെ വേഗതയിൽ തണുത്ത കാറ്റിൽ മുഴുകി ഇരിക്കുമ്പോൾ പെട്ടെന്ന് "ടിക്കറ്റ് എവിടെ?" ചോദ്യം എന്തെന്ന് പോലും കേൾക്കാതെ ഭാവത്തിൽ അവളിരുന്നു വീണ്ടും "തന്നോടാണ് ടിക്കറ്റ് കാട്ട്" അപ്പോൾ തെരേസയുടെ എതിരെ ഇരുന്ന ആ മനുഷ്യൻ അവളെ ശ്രദ്ധയോടുകൂടി നോക്കി ഏതാണ്ട് ടിക്കറ്റ് എടുക്കാതിരിക്കുന്ന മട്ടാണ് അവൾക്ക് എന്ന് ആ വ്യക്തിക്ക് മനസ്സിലായി. ഉടനെ തന്നെ ആ വ്യക്തി ആ പ്രശ്നത്തിൽ ഇടപെട്ടു

"എന്താ പ്രശ്നം" അത് കേട്ട ടി. ടി. ആർ ഇയാൾ ആരെന്ന മട്ടിൽ ഒരു നോട്ടം നോക്കി അതൊന്നും കാര്യമാക്കാതെ അയാൾ തെരേസയുടെ ടിക്കറ്റ് എടുത്തു തിരികെ നന്ദി പറയാൻ പോലുമുള്ള ധൈര്യം അവൾക്കുണ്ടായിരുന്നില്ല കാരണം ആരോടു മിടപഴകി പരിചയമില്ലാത്തതു കൊണ്ടുതന്നെ അവളുടെ ഉള്ളിലെ ഭയം അവളെ വല്ലാതെ അലട്ടി ഒരു നന്ദി എങ്കിലും പറയാമായിരുന്നു എന്ന ഭാവമോ ചിന്തയോ മറ്റോ ഒന്നും അയാളിൽ ഉണ്ടായിരുന്നില്ല പക്ഷേ ഉടൻ തന്നെ അയാൾ തെരേസയോട് ചോദിച്ചു "മോളുടെ പേര് എന്താ? എവിടുന്നാ വരുന്നേ? എങ്ങോട്ടാ പോകുന്നത്? മൂന്ന് ചോദ്യങ്ങൾക്കും ഒരു ഉത്തരം പോലും നൽകുവാൻ അവൾ തയ്യാറായില്ല ആ മൗനത്തിൽ അയാൾക്ക് എന്തോ പന്തികേട് തോന്നി വീണ്ടും അയാൾ ചോദ്യം ആവർത്തിച്ചു മനസ്സില്ല മനസ്സോടെ ഇടറിയ ശബ്ദത്തോടുകൂടി അവൾ ഉത്തരം നൽകി "തെരേസ കക്കാശി ഗ്രാമത്തിൽ നിന്ന് എങ്ങോട്ടേക്ക് എന്ന് എനിക്കറിയില്ല ഈ ട്രെയിൻ എവിടെ അവസാനിക്കുന്നോ അവിടെ" പിന്നീട് അധികം ഒന്നും പറയാതെ അവൾ തലതാഴ്ത്തി മൗനമായിരുന്ന മുഖത്തെ നിസ്സഹായതയിലൂടെ അയാൾക്ക് ഏകദേശം കാര്യങ്ങൾ മനസ്സിലായിരുന്നു മറ്റു മനുഷ്യരുടെ കണ്ണിൽ കാണുന്നതുപോലെ ഭയപ്പെടുത്തുന്നതായ ഉരുണ്ടക്കണ്ണോ തടിച്ച ചുണ്ടുകളോ വിടർന്ന മൂക്കുകളും ഒന്നുമായിരുന്നില്ല അയാളുടെ കണ്ണിൽ ആ വ്യക്തി അവളിൽ കണ്ടത് കരഞ്ഞു തളർന്ന കണ്ണുകളെയും പുഞ്ചിരിക്കാൻ കൊതിക്കുന്ന ചുണ്ടുകളെയും മറ്റുവാണ് അവൾ അങ്ങോട്ടൊന്നും ചോദിക്കില്ല എന്നറിഞ്ഞത് കൊണ്ടാവാം അയാൾ സ്വയം തന്നെ പരിചയപ്പെടുത്താൻ തീരുമാനിച്ചു "എന്റെ പേര് ജ്യോ കഹാക് എന്ന ഗ്രാമത്തിൽ നിന്നാണ് ഞാൻ വരുന്നത് പറയാനായി വലിയ സ്വന്തക്കാർ ഒന്നുമില്ല ഭാര്യയുണ്ട് പക്ഷേ ഞങ്ങൾക്ക് കുട്ടികൾ ഇല്ല ഇന്നേക്ക് 9 വർഷം ആകുന്നു ഒരു കുഞ്ഞിന് വേണ്ടി ദൈവത്തോട് കേണപേക്ഷിക്കാൻ തുടങ്ങിയിട്ട് ജീവിതത്തിൽ ഒരിക്കലും അവൾക്ക് അമ്മയാവാൻ കഴിയില്ല എന്നതാണ് സത്യം." മനസ്സിൽ എത്ര പെയ്താലും തോരാതെ നിൽക്കുന്ന മഴയുണ്ടെങ്കിലും അയാൾ അതെല്ലാം അടക്കിപ്പിടിച്ച് വാക്കുകളിലൂടെ വേദനകൾ പ്രകടിപ്പിച്ചു ഇത് കേട്ടതും തലതാഴ്ത്തിയിരുന്ന അവളുടെ തല മെല്ലെ മെല്ലെ പൊക്കി ആ വ്യക്തിയുടെ കണ്ണുകളിലേക്ക് നോക്കി എല്ലാം ശരിയാകും എന്ന ഭാവത്തിൽ അവൾ പ്രകടിപ്പിച്ചു. അയാൾ ഇറങ്ങേണ്ട സ്റ്റേഷൻ എത്താറായി "പോരുന്നോ എന്റെ കൂടെ ജീവിതത്തിൽ സമ്പത്തും പണവും എല്ലാം നേടിയെങ്കിലും ദൈവം ഞങ്ങൾ ആഗ്രഹിച്ചത് പോലെ ഒരു കുഞ്ഞിനെ തന്നില്ല തെരേസ നിന്നെ ഞങ്ങൾ പൊന്നുപോലെ നോക്കി കൊള്ളാം" മനുഷ്യരോട് ഇടപെഴുകാനൊ എന്തിനു പുഞ്ചിരി എന്തെന്ന് കൂടി അറിയാത്ത അവളുടെ മുഖത്ത് ഒരു ചെറുപുഞ്ചിരി വിടർന്നു അദ്ദേഹത്തിന്റെ വാക്കുകൾ അവളുടെ ഉള്ളിലെ ദുഃഖത്തെ തട്ടിമാറ്റി സന്തോഷത്തെ ഉണർത്തിയത്

പോലെ യായിരുന്ന സ്റ്റേഷനെത്തി ട്രെയിനിൽ നിന്ന് അദ്ദേഹം ഇറങ്ങി വലതു കൈയിൽ മുറുകെ ചേർത്ത് പിടിച്ച ഒരു കൈ കൂടെ ഉണ്ടായിരുന്നു. അവൾ ഒരിക്കൽ കൂടി ചിന്തിച്ചു പക്ഷെ സന്തോഷമെന്തന്നറിയാനുള്ള ആഗ്രഹത്തിൽ അവൾ മുന്നോട്ട് അദ്ദേഹത്തിനോടൊപ്പം നടന്നു അങ്ങനെ അവർ കഹാക് എന്ന ഗ്രാമത്തിലെത്തി അവൾ കണ്ടതിൽ വെച്ച് വളരെ മനോഹരമായ വീടായിരുന്നു ജോയുടേത് വീടിന്റെ വാതിൽ പടിക്കൽ എത്തി കതകിൽ തട്ടി "എൽസ ഞാൻ എത്തി" എൽസ ആവേശത്തോടെ വാതിൽ തുറന്നു ജോ ഉടനെ പറഞ്ഞു "ഇനി ഇതാണ് നമ്മുടെ മകൾ" മറ്റൊന്നും പറയാതെ പൂർണ്ണ സമ്മദത്തോടെയും സ്നേഹത്തോടുകൂടിയും അവൾ അവരെ സ്വീകരിച്ചു ജോ വീട്ടിലേക്ക് പ്രവേശിച്ചിട്ടും ഒരു കുറ്റബോധമുള്ള മട്ടിൽ അവൾ വാതിൽ പടിക്കൽ തന്നെ നിൽക്കുന്നുണ്ടായിരുന്നു എൽസ സ്വന്തം അമ്മയെപ്പോലെ അവളുടെ കൈകൾ ചേർത്ത് പിടിച്ച് അകത്തേക്ക് വിളിച്ചു "വാ മോളെ കയറ് " അവൾ അത് കേട്ട് ചെറുപുഞ്ചിരിയോടെ അകത്തേക്ക് പ്രവേശിച്ചു. അടുത്ത ദിവസം രാവിലെ തെരേസയെ ഉണർത്താൻ എൽസ റൂമിലെത്തി തെരേസാ "വാ മോളെ രാവിലെയായി" അവൾ ആ വിളിയിൽ എഴുന്നേറ്റില്ല വീണ്ടും "തെരേസ അമ്മ പറയുന്നത് കേൾക്ക് എഴുന്നേൽക് എന്നിട്ട് കുളിക്ക് നമുക്കൊരു സ്ഥലം വരെ പോകാം"ആ വിളിയിൽ അവൾ ദുസ്വപ്നം കണ്ടതുപോലെ ഞെട്ടി എഴുന്നേറ്റു. "എന്ത് ഇത് സ്വപ്നമാണോ സത്യമാണോ വിശ്വസിക്കാൻ കഴിയുന്നില്ല" അവളുടെ ജീവിതത്തിൽ സന്തോഷം എന്തെന്ന് അറിഞ്ഞു തുടങ്ങുന്നത് പോലെ "എന്താ മോളെ എന്തുപറ്റി" "ഒന്നുമില്ല അ...അമ്മേ" കുളിച്ച് മിടുക്കിയായി അവൾ വാതിൽ പടിയിലേക്ക് ജോയേ തപ്പി വന്നു ജോ പത്രം വായിക്കുകയായിരുന്നു അവൾ വളരെ സന്തോഷത്തോടെ ജോയുടെ അരികിലേക്കോടി മുറുകെ ഇറുക്കി കെട്ടിപ്പിടിച്ച് അവൾ ആത്മർത്ഥമായ് വിളിച്ചു "അച്ഛാ" ആ വിളി ജോയെ വല്ലാണ്ട് തലോടിയത് പോലെ ജോയിയുടെ ജീവിതത്തിൽ അവൻ ഏറ്റവും കൂടുതൽ കേൾക്കാൻ ആഗ്രഹിച്ച ആ വാക്ക് ജോ തിരികെ മറുപടി നൽകി "ആഹാ എന്റെ തെരേസ വന്നോ" അവളുടെ ജീവിതത്തിൽ സന്തോശാവസ്ഥയിലും സങ്കടാവസ്ഥയിലും കൂടെ നിൽക്കുന്ന എന്തിനും ഏതിനും സ്വാതന്ത്ര്യം നൽകുന്ന ഒരു മാതാപിതാക്കളായി അവർ മാറി. അവൾ പഠിച്ചു മറ്റുള്ളവരോടിടപഴകാൻ ആത്മാർത്ഥമായി പുഞ്ചിരിക്കാനും അങ്ങനെ ദിവസങ്ങൾ,മാസങ്ങൾ, വർഷങ്ങൾ കടന്നുപോയി പെട്ടെന്ന് ഒരിക്കൽ അവൾ വാതിൽ പടിക്കൽ ഇരിക്കുകയായിരുന്നു എവിടെയോ കണ്ടു മറന്ന പല മുഖങ്ങൾ അവളുടെ മുന്നിലേക്ക് കടന്നുവന്നു അത് അവളുടെ യഥാർത്ഥ മാതാപിതാക്കളായിരുന്നു അവൾ അവിടെ അത്ഭുതപ്പെട്ടു നിന്നു. "ഇവർ ഇത്രയും ദൂരം എന്നെ തേടിയോ?" എന്ന ചിന്തയിൽ.ആ സമയം ജോ പുറത്തേക്കുവന്നു "ആരാണാവോ ഇത്" അവൾ മൗനമായി നിന്നു ജോ ചോദിച്ചു

"ആരാ?" അവർ തെരേസയുടെ അടുക്കലേക് വന്നു "മോളെ എത്ര നാളായി കണ്ടിട്ട് എന്റെ മോൾക്ക് സുഖമല്ലേ" അവളുടെ അച്ഛൻ ചോദിച്ചു അവളുടെ കണ്ണുകൾ നിറഞ്ഞു വർഷങ്ങൾക്കു ശേഷം അവരെ കണ്ട സന്തോഷം പറഞ്ഞറിയിക്കാൻ കഴിയുന്നുണ്ടായിരുന്നില്ല അവൾക്. നഷ്ടപ്പെടുന്നത് നോക്കിനിൽക്കേണ്ടി വരുമോ എന്ന ഭയത്തിൽ ആണ് ജോ തെരേസ ആയിട്ടുള്ള സന്തോഷ നിമിഷങ്ങളും മറ്റും അവന്റെ ചിന്തയിൽ മാറിമറിയുന്നു തെരേസയുടെ അച്ഛൻ പറഞ്ഞു "വാ മോളെ നമുക്ക് പോകാം" തെരേസ തിരികെ ഉത്തരമൊന്നും നൽകിയില്ല ആ മൗനം കണ്ടതും ജോ പ്രതികരിച്ചു "അതെ അവളുടെ പൂർണ സമ്മതം ഉണ്ടെങ്കിൽ മാത്രം അവളെ ഇവിടുന്ന് കൊണ്ടു പോകാം" അച്ഛൻ അതൊന്നും കാര്യമാക്കാതെ വീണ്ടും പറഞ്ഞു അവൾ എന്റെ ചോരയാണ് എനിക്ക് അവകാശമുണ്ട് അവളെ കൊണ്ടുപോകാൻ "വാ മോളെ പോവാം" "ഇല്ല ഞാൻ വരില്ല എന്താവകാശമുണ്ടെന്ന നിങ്ങൾ പറയുന്നത് ചോരയാണെന്നോ ജന്മം നൽകിയാൽ മാത്രം പോരാ സ്വന്തമായി കാണാനും കഴിയണം ഒരു നിറത്തിന്റെ പേരിൽ എന്നെ നിങ്ങൾ മാനസികമായി എത്രയോ തളർത്തി ഇന്നലെകൾ എനിക്കിപ്പോൾ വെറും ഓർമ്മകൾ മാത്രമാണ് ദേഷ്യമൊന്നുമില്ല സ്നേഹം മാത്രം പക്ഷേ ഇവരാണ് എന്നെ ഞാൻ ആക്കി മാറ്റിയത് ഇവരിൽനിന്ന് ഞാൻ വരില്ല" ഇതെല്ലാം കേട്ട് എൽസ അവിടെ നിന്ന് കരയുന്നുണ്ടായിരുന്നു. തെരേസ കരയുന്ന എൽസയുടെ അടുത്തേക്ക് ചേന്ന് ചേർത്തുപിടിച്ച് പൊട്ടിക്കരഞ്ഞു തെരേസ പറഞ്ഞതിനൊന്നും തിരിച്ചു പറയാൻ വാക്കുകൾ ഇല്ലാതെ അവളുടെ അച്ഛനും അമ്മയും തിരികെ പോയി അങ്ങനെ തെരേസയും ജോ യും എൽസയും സന്തോഷത്തോട് കൂടെ കഴിഞ്ഞു.

# അപമാനം ഊർജ്ജമാക്കിയവൻ



MUHAMMED HALEEM 8C

ഒരു ഇറ്റാലിയൻ ട്രാക്ടർ നിർമ്മാതാക്കൾ ആണ് ലംബോർഗിനി. അവർ വളരെ ലാഭകരമായി കച്ചവടം ചെയ്തു വരികയായിരുന്നു. കമ്പനിയുടെ മുതലാളിയായ അന്റോണിയോ ലംബോർഗിനിയുടെ മകനായിരുന്നു ഫെറൂഷിയോ ലംബോർഗിനി. ഇവൻ മറ്റൊരു കമ്പനിയുടെ ഒരു സൂപ്പർ കാർ വാങ്ങിയിരുന്നു. ആ കാറിന്റെ ക്ലച്ചിന് നിരന്തരമായി പ്രശ്നങ്ങൾ ഉണ്ടായിരുന്നു. ഇത് കമ്പനിയുടെ മുതലാളിയെ  നേരിട്ട് കണ്ട് തിരുത്താം എന്ന് വിചാരിച്ചു. അദ്ദേഹത്തെ കണ്ടു കാര്യങ്ങൾ സൂചിപ്പിച്ചു. നീ വെറുമൊരു ട്രാക്ടർ നിർമ്മാതാവിന്റെ മകനാണ് എന്നും തനിക്ക് എന്റെ മുന്നിൽ നിൽക്കാനുള്ള യോഗ്യത ഇല്ല എന്നും പറഞ്ഞ് അയാൾ അവിടെ നിന്നും പോവുകയും ചെയ്തു. ആ അപമാനം അയാൾ ഒരു വാശിയായി എടുത്തു . ആ വലിയ കമ്പനിയിൽ നിന്ന് പിരിഞ്ഞുപോയ ചില ജോലിക്കാരെ കൂട്ടുപിടിച്ച് ഒരു സൂപ്പർ കാർ നിർമ്മിച്ചു.ഇന്ന് ഏതൊരാളോടും ഒരു സൂപ്പർക്കാറിന്റെ പേര് പറയാൻ പറഞ്ഞാൽ മുൻനിരയിൽ തന്നെയുണ്ടാകും ലംബോർഗിനി ഓട്ടോമൊബലി എന്ന കമ്പനി. ഫെറൂഷിയോ ലംബോർഗിനിയുടെ ഈ വിജയം ഇന്ന കമ്പനികൾക്ക് ഒരു തിരിച്ചടിയാണ്

# അറിയാത്ത ജന്മങ്ങൾ



**MUJEEB PU, 8A**

നേരം പുലർന്നു വരുന്നതേയുള്ളൂ . കിളിയുടെ കളകളാരവം അങ്ങിങ്ങായി കേൾക്കാം. ഇടക്ക് റോട്ടിലൂടെ വേഗത്തിൽ ഓടിപ്പോകുന്ന വാഹനങ്ങളുടെ ശബ്ദതവും ഉറക്കത്തിൽ നിന്ന് ഉണരാൻ കൊതിക്കുന്ന ഗ്രാമത്തിലേക്ക് മെല്ലെയെത്തി നോക്കുന്ന സൂര്യകിരണങ്ങൾ പ്രകാശം കൊണ്ട് തണുപ്പിൽ നിന്നുള്ള മോചനം കൊണ്ടും ആ ഗ്രാമത്തെ ഉണർത്തി .സലീം ഇന്നലെ രാത്രി തീരെ ഉറങ്ങിയിട്ടില്ല . രാത്രി മുഴുവൻ അസുഖം ബാധിച്ച മാതാപിതാക്കളുടെ ചുമയും ഇടക്കിടെ മൂത്രമൊഴിക്കാൻ പോകലും ചൂടുവെള്ളം ചോദിക്കലും അവൻ നന്നായി കഷ്ടപ്പെട്ടു നേരം വെളുത്താൽ പ്രായം വെറുതെയാണെങ്കിലും അടുത്ത പച്ചക്കറിക്കടയിൽ ജോലി ചെയ്താണ് കുടുംബം പുലർത്തുന്നത് . പഠിക്കാൻ മിടുക്കനാണെങ്കിലും സ്ഥിരമായി വരുന്ന ലീവ് അവനെ പഠനത്തിൽ പിന്നിലാക്കി പിന്നെ കുടുംബഭാരവും പിന്നീട് സ്കൂൾ പഠനം തീരെ ഇല്ലാതായി. മഴപെയ്യുന്ന രാത്രിയിൽ പതിവ് പോലെ കിടന്ന് ഉറങ്ങിയ സലീം ഉമ്മയെയും ഉപ്പയെയും നന്നായി പരിചരിച്ചു . അന്ന് ഉറങ്ങാൻ വൈകിയത് കാരണം എഴുന്നേൽക്കാനും താമസിച്ചു നേരം പുലർന്നപ്പോൾ അവൻ തന്റെ കണ്ണുകളെ വിശ്വസിക്കാനായില്ല കാരണം അവന്റെ ഉപ്പ എന്നെന്നേക്കുമായി കണ്ണടച്ചു ഒന്നും ചെയ്യാനാവാതെ കരഞ്ഞുകൊണ്ടിരിക്കുന്ന മാതാവ് ചാരത്തിരിക്കുന്നു . ഇങ്ങനെ അറിയാത്ത എത്ര ജന്മങ്ങൾ നമ്മളെ വിട്ട് പിരിയുന്നു .

# എന്റെ ഉപ്പപ്പ



**MUHAMMED FAHAD 8B**

2010-ൽ ഞാൻ ജനിച്ചപ്പോൾ എനിക്ക് വേണ്ടി പ്രാർത്ഥിക്കുന്ന കൂട്ടത്തിൽ ഉണ്ടായിരുന്നു എന്റെ ഉപ്പപ്പ. ഞാൻ ജയിച്ച് വരുമ്പോൾ എനിക്ക് ഒരു ചെറു മുത്തം നൽകിയ ഉപ്പപ്പ. എന്റെ ഒപ്പം സമയം ചിലവഴിച്ച് എന്നെ സ്നേഹിച്ച് ഇത്രയോളം എന്നെ വളർത്തി എനിക്ക് വേണം എന്ന പറഞ്ഞ സാധനങ്ങൾ എനിക്ക് വാങ്ങി തന്ന് എന്നെ എന്റെ മാതാപിതാക്കൾ കുരുത്തക്കേടിന് തല്ലുമ്പോൾ അവരെ തടയുന്ന, എന്നെ വന്ന് പുന്നാരിക്കുന്ന ഉപ്പപ്പ അല്ല എന്റെ ഉപ്പപ്പ. അങ്ങനെ ഞാൻ വളർന്ന് എനിക്ക് ഉപ്പപ്പന്റെ കൈയിൽ നിന്നും എനിക്ക് ഒരു തല്ല് കിട്ടി. എന്റെ മനസ്സ് പൊളിഞ്ഞ വീടുപോലെയാണ് എന്ന് വരെ എനിക്ക് തോന്നി. ഞാൻ റൂമിൽ കയറി വാതിൽ അടച്ച് വിതുമ്പി തുടങ്ങി. ഭക്ഷണം കഴിക്കാൻ എന്നെ വിളിച്ചിട്ട് കഴിക്കാതെ ഇരുന്നപ്പോൾ ഇതുവരെ കാണാത്ത ആ പുഞ്ചിരിച്ച് നിന്ന കണ്ണുകളിലെ ആ പ്രകാശം നിന്നു. അവിടെ നിന്ന് കണ്ണുനീർ പൊടിഞ്ഞത് ഞാൻ ആദ്യമായി കണ്ടു. എല്ലാവരും കിടന്നു. രാവിലെ എഴുന്നേറ്റ് ഭക്ഷണം കഴിക്കാൻ എന്നെ വന്ന് വിളിച്ചു ഞാൻ ചെവി കൊണ്ടില്ല ഉപ്പപ്പ പറഞ്ഞു നിന്നെ ഞാൻ



തല്ലിയത് പഠിക്കാത്തത് കൊണ്ടല്ലേ അല്ലാതെ ഞാൻ നിന്നെ തല്ലാറില്ലല്ലോ എന്ന പറഞ്ഞിട്ടും ഞാൻ കേട്ടില്ല. അങ്ങനെ ഞാൻ ഒറ്റക്ക് ഇരുന്ന് ഭക്ഷണം കഴിച്ചു. ഞാൻ എന്റെ ഉപ്പുപ്പനോട് ദേഷ്യപ്പെട്ടും അവസാനം ഞാൻ ഉപ്പുപ്പന്റെ അടുത്ത ഇരിക്കും. ആ സ്നേഹം എനിക്ക് അധികം ലഭിക്കാം എനിക്ക് കഴിഞ്ഞില്ല. കാരണം എന്നെ സ്നേഹിച്ച ഉപ്പുപ്പ എന്നെ വിട്ടു സ്വർഗത്തിലേക് ഒരു വർഷം മുമ്പേ പോയി. അന്നാണ് എന്റെ ഉള്ളിലുള്ള ഉപ്പുപ്പനോടുള്ള എന്റെ സ്നേഹം ഞാൻ മനസിലാക്കിയത്. അന്ന് ഞാൻ ജനിച്ച പ്പോൾ എന്റെ ഉപ്പുപ്പ കരഞ്ഞത്പോലെ ഉപ്പുപ്പ മരിച്ചപ്പോൾ ഞാൻ പോലും അറിയാതെ എന്റെ കണ്ണുകളിൽ നിന്ന് കണ്ണുനീർ ഒരു വെള്ളച്ചാട്ടം പോലെ ഒഴുകി. ഞാൻ ഉപ്പുപ്പാക്ക് അവസാനമായി നൽകിയ സമ്മാനം എന്റെ ഒരു മുത്തം. പിന്നെ ഞാൻ ഉറങ്ങുമ്പോൾ ആ രൂപം ഒരു ഇടിമിന്നൽ സ്പർശിക്കുന്നത് പോലെ വന്നിട്ട് പോകും. അപ്പോൾ പണ്ട് ഞാൻ ആയത് പോലെയാവും പൊളിഞ്ഞ വീടുപോലെ. ഇന്ന് എന്റെ ഉപ്പൂപ്പ ഉണ്ടായിരുന്നെകിൽ എന്ന ചിന്ത വരും. ആ സ്നേഹം തരാൻ ഒരാൾക്ക് മാത്രമേ കഴിയൂ. നമ്മുടെ ഉപ്പുപ്പ മാർക്ക്.

# HONESTY



FIDHA FATHIMA . CS , 9C

[illegible]

# ഇരകൾ വേട്ടയാടുമ്പോൾ



**ANCIYA BIJU 8B**

ഇടതുപക്ഷ മുന്നണിയുടെ രാഷ്ട്രീയ കുലപതി ശ്രീ വി. എസ് അച്യുതാ നന്ദൻ തന്റെ `ഇരകൾ വേട്ടയാടുമ്പോൾ` എന്ന ഈ പുസ്തക സമാഹാരം ദേശാഭിമാനി ദിനപത്രത്തിലെ `നേരിനൊപ്പം `എന്നകേരള ത്തിൽ പലപ്പോഴായി അദ്ദേഹം എഴുതിയ ലേഖനങ്ങളുടെ സമാഹാരമാണ്. പെൺവാണിഭ മാഫിയകളിൽ നിന്നും കേരളത്തിലെ സ്ത്രീകളെ രക്ഷിക്കാനും പ്രായപൂർത്തി ആകാത്ത പെണ്കുട്ടികളെ ക്രൂരമായ ലൈഗികചൂഷണത്തിന് ഇരയാകുകയും പിന്നിട് കോന്നുകളയുകയും ചെയുന്ന നാരാധൻ മാരടങ്ങിയ പെൺവാ ണിഭ സംഘങ്ങളാണ് യു.ഡി.എഫ് സർക്കാ രിനെ നിയത്രിക്കുന്നത് എന്ന് തെളിയി ക്കപ്പെട്ട ഒരുകാലം കേരളത്തിൽ ഉണ്ടാ യിരുന്നു. ഗവർണർ പിന്നാക്കരായ സ്ത്രീകളുടെ മാനം കവർന്നെടുത്തിരുന്ന കാലം.കമ്യൂണിസ്‌റ്റ് പ്രീസ്ഥാനത്തി ന്റെയും ഇടതുപക്ഷ പ്രേസ്ഥാന ങ്ങളുടെയും സജീവമായ ഇടപെടലും ചേർത്തുനിൽപ്പും കേരളത്തിലെ സ്ത്രീ കളുടെ അന്തസ് ഉയർത്തിയ സാമൂഹിക മാർഗങ്ങൾക്ക് വഴിയൊരുക്കി മുൻകാല ങ്ങളിൽ പെൺകുട്ടികളെ ലൈംഗികമായി പിഡിപ്പിച്ചശേഷം വലിച്ചെറിയുക യായിരുന്നു. പക്ഷെ ഇപ്പോൾ പീഡനത്തിനു ശേഷം പെൺകുട്ടികളെ കൊന്നുവലിച്ചെറിയുന്ന രീതിയിലേക് കാര്യങ്ങൾ മാറിക്കഴിനു. കവിയൂർ,കൊട്ടയം എന്നി സംഭവ ങ്ങളിൽ നടന്നത് അതാണ്. കേരളത്തിന് ഈ പെൺവാണിഭ കേസുകളിലൂടെ സംഭവിച്ച അഭമാനം രാജിവെച്ചു കഴുകികളയുന്നതിനു പകരം പോലീസിനെയും നിയമത്തെയും സ്വാധിനിച് കുറ്റവാളികളെ സംരക്ഷി ക്കുന്ന പ്രേവർത്തനമാണ് യു.ഡി.എഫ് സർക്കാർ നടത്തി കൊടിരിക്കുന്നത്. മറച്ചുവെക്കുന്നതും കുഴിച്ചുമൂടപെടെണ്ടാതുമായ സംഭവ ങ്ങളെ സമൂഹത്തിന് മുന്നിൽ തുറന്നു കാട്ടാനും സ്ത്രീകളെ വെറും ലൈഗിക ഉപയോക വസ്തുവായി കാണുന്ന കണ്ണുകളെ ചൂഴ്ന്നെടുക്കുവാനും സ്ത്രീയുടെ ജീവനും സ്വത്തിനും, മാനത്തിന് സംരെക്ഷണം നൽകു ന്നത് വീടിന്റെയും സമൂഹത്തിന്റെയും മാത്രം ഉത്തരവാദിത്തമല്ല എന്നും ഇവിടെ ഭരിക്കുന്ന സർക്കാരിന്റെയും പൂർണ്ണ ഉത്തരവാദി ത്തമായി മാറണമെന്നുമാണ് സാർ വി.എസ്.അച്ചുദാനധൻ ഈ ലേഖനങ്ങ ളിലൂടെ സമൂഹത്തിനോട് ഉറക്കെ പറയുന്നത്.

# IS MOBILE PHONE A BOON OR BANE



**JENIFER NX, 9B**

# കാക്കിക്കുള്ളിലെ കലാകാരൻ



**BAGYA LAKSHMI 8B**

കൂട്ടുകാരാണ് വിനുവും മനുവും . ഇരുവരും ഒരേ ക്ലാസ്സിലാണ് പഠിക്കുന്നത് . വിനുവും മനുവും അവരുടെ അദ്ധ്യാപികയോടൊപ്പം ഒരു ക്ലാസിനു പോകുകയാണ് . ലഹരിയാണ് വിഷയം . ഇരുവരും ഓരോ പുസ്തകമെടുത്ത എഴുതാൻ തയ്യാറായി പക്ഷെ കുട്ടികൾ വിചാരിച്ചതു പോലെയല്ല ക്ലാസ് നടന്നത് .ഓട്ടം തു ള്ളലിലൂടെയാണ് . അത് അവതരി പ്പിച്ചതോ എക്സൈസ് ഓഫീസറായ ജയരാജ് സാറും .നേരത്തെ എല്ലാവരും അവതരിപ്പിച്ചുകൊണ്ടിരുന്നത് രസകരമായ മറ്റു വിഷയങ്ങളാ ണെങ്കിൽ , ജയരാജ് സാർ അവത രിപ്പിച്ചത് ലഹരിയുടെ വിപത്തുകളാണ് . ലഹരിയിലേക്ക് നയിക്കുന്നവയും ,ലഹരിക്ക് അടിമപ്പെട്ടു ന്നവരുടെ സ്വഭാവരീതികളും , ലഹരിയിൽ നിന്നും മോചിതരാവാനുള്ള വഴികളും ഓട്ടൻതുള്ളലിന് ശേഷം പറഞ്ഞു കൊടുത്തു . ഇരുവർക്കും ജയരാജ് സാറിന്റെ ക്ലാസ് ഇഷ്ടപ്പെട്ടു . തിരികെ വീട്ടിലെത്തി വിനു തന്റെയ നുഭവം ഒരുകഥയാക്കി മിസ്സിനുകൊടുത്തു . മിസ്സ് അവനെ അഭിനന്ദിച്ചു .എന്നിട്ട് കുട്ടികളോട് പറഞ്ഞു .' കുട്ടികളെ നമ്മുടെ ഈ കൊച്ചുകേരളം ദൈവത്തിന്റെ സ്വന്തം നാട് എന്ന വിശേഷണത്തിൽ നിന്നും മദ്യത്തിന്റെയും ലഹരിയുടെയും നാട് എന്ന വിശേഷണത്തിലേക്ക് പോകാതി രിക്കാൻ നിങ്ങൾ ഓരോരുത്തരും പ്രയത്നി ക്കണം . ലഹരിയുപയോഗിക്കുന്ന ആൾക്കാ രെയും ഉപയോഗിക്കാൻ ആഗ്രഹിക്കുന്ന വരെയും അതിൽ നിന്ന് പിന്തിരിപ്പിക്കാൻ നമുക്ക് കഴിയണം . ഒരുവിധത്തിലും മാറ്റാൻ കഴിയാതാകു മ്പോഴാണ് ജയരാജ് സാറിനെ പോലെ കലാരൂപത്തിലൂടെയും പാട്ടിലൂടെയും അതിന്റെ വിപത്തുകൾ വിശദീകരിക്കുന്നത് . നിങ്ങൾ മനസ്സുവെച്ചാൽ നമ്മുടെ കൊച്ചു കേരളം സ്നേഹത്തിന്റെയും സമാധാനത്തിന്റെയും പ്രതീകമായി മാറും. മറിച്ചാണെങ്കിൽ ആ തലമുറ നമ്മുടെ രാജ്യത്തെ തന്നെ നശിപ്പിക്കും ഓർക്കുക . ഒരു മനുഷ്യൻ നന്നായാൽ ആ നാട് നന്നാകും ,ഒരു നാട് നന്നായാൽ ഒരു രാജ്യം താനേ നന്നാകും . കുട്ടികളെ വിനുവിനെപോലെ നിങ്ങളും ലഹരിക്കെതിരെ പോരാടണം'. അങ്ങനെ വിനുവിന്റെ 'കാക്കിക്കുള്ളിലെ കലാകാരൻ 'സ്കൂളിലെ കഥാസമാ ഹാരത്തിൽ ഇടം പിടിച്ചു.

# കുട്ടികളുടെ സുഹൃത്തുക്കൾ



**ANJU V. R, 9C**

രാത്രിയിൽ പെയ്തൊഴിഞ്ഞ മഴയുടെ അവശിഷ്ടങ്ങൾ അവർക്കു കാണാൻ സാധിക്കുമായിരുന്നു . ജനൽകമ്പിക്കുള്ളിൽ തുളുമ്പിക്കൊണ്ടി രുന്ന മഴത്തുള്ളികളിൽ ഇന്ന് രാവിലെ പെയ്ത മഴയും വ്യക്തമായിരുന്നു .മീര ഇപ്പോൾ ചിന്തകളിൽ മുഴുകി നിൽക്കുകയാണ് . എട്ടാം ക്ലാസ്സിലെ പ്രവേശനോത്സവം കഴിഞ്ഞ ആഴ്ച്ചയാ യിരുന്നു .പുതിയ കൂട്ടുകാർ ,പുതിയ സ്കൂൾ അങ്ങിനെ അതുമായി കൂടിച്ചേരാൻ മീരയ്ക്ക് ഒരുപാട് സമയം വേണ്ടിയിരുന്നു .ജനലിനോട് ചേർന്ന ബെഞ്ചിലാണ് മീര ആ അറ്റത്തെ വശം അവൾക്ക് വളരെ സുഖകരമായി തോന്നി .അവൾക്ക് അതൊരു ഫ്രീ പീരീഡ് ആയിരുന്നു .ക്ലാസ്സിൽ ആകെ ബഹളം മാത്രം ശാന്തമായ ജനലവഴി പുറത്തേക്ക് നോക്കി മീര ഇരുന്നു .ഒപ്പം അവളുടെ



ചിന്തകളും . സത്യത്തിൽ അവൾ വളരെ പരിഭ്രാന്തയായി ഇരിക്കുകയായിരുന്നു അവിടെ ,കാരണം ഇന്നലെ അവൾക്ക് ഒരു വലിയ പ്രശ്നം ഉണ്ടായി. അതെന്തിന് അങ്ങിനെ ചെയ്തു എന്നാലോചിച്ചു അവൾ വിഷമിക്കുകയാണ് .ഇന്നലെ അവളുടെ അമ്മയുടെ ഫോൺ അവൾ ആരുമറിയാതെ എടുത്തു പെട്ടെന്ന് വാട്സാപ്പില് സേവ് ചെയ്യാത്ത ഒരു നമ്പറിൽ നിന്നും ഒരു ഹായ് എന്നൊരു മെസ്സേജ് അത് അവൾ ഒന്നും നോക്കാതെ തിരിച്ചും ഒരു ഹായ് അയച്ചു.

നിന്റെ പേരെന്താ സംഭാഷണം തുടർന്നു .

'മീര '

'എന്റെ പേര് ആരവ് എനിക്ക് 21 വയസ്സുണ്ട് '

'എനിക്ക് 13 വയസ്സേയുള്ളു '

'എനിക്ക് ഒരു കാര്യം പറയാനുണ്ട് ...'

'എന്താ '

'I LOVE YOU '

ഇത് കണ്ടപ്പോൾ മീര ഞെട്ടി അവൾ. അവൾ അതൊരിക്കലും ആഗ്രഹി ച്ചിരുന്നില്ല ,കാരണം അവൾക്ക് അതിൽ നിന്നും പിന്മാറണമായിരുന്നു എ. പെട്ടെന്ന് അടുത്ത മെസ്സേജ് വന്നു ,'ഹെന്താ ഒന്നും പറയാത്തത് .... എനിക്ക് നിന്റെ പ്രൊഫൈൽ കണ്ടപ്പോൾ ഒത്തിരി ഇഷ്ടമായി ...മറുപടി അയക്കു.... '

'മീനയ്ക്ക് പേടിയായി ഭയം അവളെ പൊതിഞ്ഞു . അവൾ വേഗം ഫോൺ ഓഫ് ചെയ്ത് അമ്മയ്ക്ക് കൊടുത്തു എന്നാൽ തലവേദന കാരണം 'അമ്മ ഉറങ്ങിയിരുന്നു . പിറ്റേ ദിവസം രാവിലെ അമ്മയുടെ ഫോണിൽ അവൾ ആ മെസ്സേജ് എടുത്തുനോക്കി .

'നീയെന്താ ഒന്നും പറയാത്തത് ...'

ഈ മെസ്സേജ് കണ്ടപ്പോൾ മീര ഭയന്ന് എനിക്ക് നിങ്ങളെ ഇഷ്ടമല്ല എന്ന് അയച്ചു . പെട്ടെന്ന് അടുത്ത മെസ്സേജ് വന്നു 'നിനക്കെന്നോട് ഇഷ്ടമല്ലെങ്കിൽന് എനിക്കൊന്നുമില്ല ...പക്ഷെ നിന്റെ മാതാപിതാക്കളെ കാട്ടി ഞാൻ നിന്നെക്കുറിച്ചു ഇല്ലാത്തതൊക്കെ അവർക്ക് പറഞ്ഞു കൊടുക്കും '

ഈ മെസ്സേജ് മീരയെ പേടിപ്പിച്ചു. അവൾ കെണിയിൽ പെട്ടിരിക്കുന്നു . പെട്ടെന്ന് അടുത്ത മെസ്സേജ് വന്നു 'ഇങ്ങനെയൊന്നും ചെയ്യേണ്ട എങ്കിൽ ഒരു 5000 രൂപ ഗൂഗിൾ പേ ചെയ്തു തരണം ' മൂന്ന് ദിവസം ഞാൻ സമയം തരുന്നു ..ഇല്ലെങ്കിൽ..."മീര ആകെ തകർന്നു . അവൾക്ക് ഇനി എന്ത് ചെയ്യണമെന്നറിയില്ല . ഇന്നലത്തെ സംഭവത്തിന് ശേഷം അവൾ പഠിക്കുന്നില്ല . ഇത്രയും നാൾ ക്ലാസ്സിൽ ഒന്നാം സ്ഥാനം ആയിരുന്നു മീരയ്ക്ക് . ഇപ്പോൾ അവൾ പഠിക്കുന്നില്ല. 'ഇതാരോടെങ്കിലും പറഞ്ഞാലോ ? മിനിയാന്ന് പരിചയപ്പെട്ട മീരയോട് പറഞ്ഞാലോ ?വേണ്ട അവൾ ദിയയോട് പറഞ്ഞാലോ? അതും വേണ്ട ഫാത്തിമയാ നല്ലത് അവളോട് പറയാം

# മടിയനായ വിനു



**ANJANA V V, 6A**

വിനു വളരെ മടിയനായ ഒരു കുട്ടിയായിരുന്നു .പക്ഷെ അവൻ വളരെ പാവമായിരുന്നു .അവന്റെ മടി മാറാൻ അവന്റെ 'അമ്മ വളരെ അധികം പ്രാർത്ഥിച്ചിരുന്നു . അവരുടെ കുടുംബത്തിൽ മൂന്ന് പേരായിരുന്നു അതിൽ അവന്റെ അച്ഛൻ മരിച്ചുപോയിരുന്നു . അത് അവരെ കൂടുതൽ ദരിദ്രത്തിലേക്ക് നയിച്ചു അവരുടെ സങ്കടം കണ്ട ദൈവത്തിന് അവരെ സഹായിക്കണമെന്ന് തോന്നി . വിനുവിന് ഒരു അവസരം കൊടുക്കുവാൻ തീരുമാനിച്ചു , എന്തെന്ന് വെച്ചാൽ , വിനുവിന്റെ അച്ഛൻ മരിച്ചിട്ടില്ല അച്ഛൻ വാമനക്കാട്ടി ലുണ്ടെന്നും അവന്റെ സ്വപ്നത്തിൽ കാണിച്ചു .അവന് അച്ഛനെ വളരെയധികം ഇഷ്ടമായിരുന്നു . അവൻ അച്ഛനെ തിരയാൻ മടികൂടാതെ വാമനക്കാട്ടിലേക്ക് പോയി .നടന്നു നടന്ന് വാമനക്കാടിന്റെ അടുത്തെത്തി . പിന്നെ ഒരു ദിവസം അവൻ വീണ്ടും ഒരു സ്വപ്നം കണ്ടു. വാമനക്കാട്ടിലെ ഏറ്റവും വലിയ ആല്മരത്തി നടുത്ത് കുഴിച്ചു നോക്കുന്നു. അവൻ ഞെട്ടിയുണർന്ന ശേഷം അല്പം മടിയോടെയാണെങ്കിലും ആ വലിയ ആൽമരം കണ്ടുപിടിച്ചു . അവിടെ കുഴിച്ചപ്പോൾ അവന് തന്റെ ഇഷ്ടപ്പെട്ട അച്ഛന്റെ ചിത്രവും ഒരുനിധിയും കിട്ടി ,കൂടെ ഒരു കത്തും . ആ കഥ അവന് വായിക്കാൻ അറിഞ്ഞുകൂടായിരുന്നു. അവന് .ശേഷം അവൻ നടന്നു നടന്ന് ഒരു കൊച്ചു വീട് കണ്ടു . അവൻ ആ വീട്ടിൽ കയറി ,അപ്പോൾ അവിടെ കണ്ടത് അവന്റെ അച്ഛനെ പഠിപ്പിച്ച അധ്യാപികയെ ആയിരുന്നു . ആ അധ്യാപികക്ക് അവനെ പെട്ടെന്ന് തന്നെ മനസ്സിലായിരുന്നു . അവന്റെ കയ്യിൽ ഉണ്ടായിരുന്ന അച്ഛന്റെ ചിത്രം കണ്ടപ്പോൾ അദ്ധ്യാപിക അത് അവൻ തന്നെ ആണെന്ന് ഉറപ്പിച്ചു . വിനു പറഞ്ഞത് വളരെ അതിശയപ്പെടുത്തുന്ന കാര്യങ്ങളായിരുന്നു . പടിക്കണമെന്നായിരുന്നു അവന്റെ ആവശ്യം . വളരെ ചുരുക്കം ദിവസങ്ങൾ കൊണ്ട്

തന്നെ വിന്ദ മടിക്കൂടാതെ അത് പറിച്ചെടുത്തു . ശേഷം അവൻ സന്തോഷത്തോടെ ആ കത്ത്എടുത്ത് വായിച്ചു . അതിൽ അവന്റെ അച്ഛൻ എഴുതിയിരിക്കുന്നത് പോലെ അവന് തോന്നി .നിന്നെ ദൈവം എത്തിച്ചതാണ് ,നിന്റെ മടി മാറ്റാനായി .നിന്റെ മടി മാറിയെന്ന് ഞാൻ വിശ്വസിക്കുന്നു . നിധിയിൽ പൊൻപണം ആണ് അത് തീരുമ്പോൾ ആവശ്യമുള്ളത് തന്നു കൊണ്ടേയിരിക്കും . ശേഷം അധ്യാപികയോട് സന്തോഷ ത്തോടെ വിന്ദ യാത്ര പറഞ്ഞു . അവൻ തന്റെ നിധിയിൽ നിന്ന് കുറച്ചു പൊൻപണം ഒരു കിഴിയിലാക്കി അധ്യാപികക്ക് കൊടുത്തു . അതോടെ അവന്റെ മടി മാറുകയും ചെയ്തു .അവൻ ദൈവത്തോട് നന്ദി പറഞ്ഞു .

# കടുവയെ രക്ഷിച്ച മാൻ



ADRAIN ANTONY 6A

ഒരിക്കൽ ഒരു കാട്ടിൽ ഒരു കടുവയും അതിന്റെ കുട്ടികളും ഉണ്ടായിരുന്നു.ഒരു ദിവസം കടുവ വേട്ടയാടാൻ കാട്ടിലേക്ക് ഇറങ്ങി അപ്പോൾ ഒരു മാനിനെ കണ്ട് കടുവ ചാടി വന്നു.മാൻ അവിടന്ന് ഓടിക്കളഞ്ഞു.അവിടെ ഒരു കെണി ഉണ്ടായിരുന്നു.കടുവ കെണിയിൽ പെട്ടു.കടുവയുടെ കാലും കൈയ്യും എല്ലാം കുടുങ്ങി അതുകാരണം കടുവയ്ക്ക് പൊട്ടിക്കാൻ കഴിഞ്ഞില്ല.അങ്ങനെ മാനിനോട് അപേക്ഷിച്ചു. എന്നെ ഈ കെണിയിൽ നിന്ന് രക്ഷിക്കുമോ. അപ്പോൾ മാൻ പറഞ്ഞു:നിന്നെ രക്ഷിക്കാം പക്ഷെ നീ എന്നെ തിന്നരുത് .അങ്ങനെ വേട്ടക്കാർ വരുന്നതിനു മുൻപ് മാൻ കടുവയെ രക്ഷിച്ചു.കടുവ മാനോട് പറഞ്ഞു വളരെ നന്ദി എന്നെ രക്ഷിച്ചതിന്. എന്നിട്ട് കടുവ വീട്ടിലേക്ക് തിരിച്ചു പോയി.

ഗുണപാഠം

" നമ്മൾ ശത്രുക്കളെയും അതുപോലെ മിത്രങ്ങളെയും സഹായിക്കണം "







**ANJU V.R , 9C**



# പൂഞ്ചിരി



DIYA FATHIMA c A, 9C

ഒരിക്കൽ ഒരു കുട്ടി തന്റെ അമ്മയോടു പറഞ്ഞു " 'അമ്മേ ഈ ലോകത്തുള്ളവർ വളരെ മോശം ആൾക്കാരാണ് " 'അമ്മ ചോദിച്ചു "എന്താ മോളെ നീ അങ്ങി നെ പറന്നത് "മകൾ പറഞ്ഞു "ആരും എന്നെ നോക്കി ചിരികുന്നില്ല "ഉടൻ താന്നെ 'അമ്മ ചോദിച്ചു "നീ ആരെയെങ്കിലും നോക്കി ചിരിച്ചോ "മകൾ പറഞ്ഞു ഇല്ല 'അമ്മ " 'അമ്മ പറഞ്ഞു നീ നാളെ ആരെയെങ്കിലും നോക്കി ചിരിക്കു " പിറ്റേദിവസം മകൾ സ്ക്കൂൾ വീട്ടു വന്നു അമ്മയോട് പറഞ്ഞു "ഈ ലോകത്തുള്ളവർ എല്ലാവരും നല്ലവരാണ് ,എല്ലാവരും എന്നെ നോക്കി ചിരിച്ചു " 'അമ്മ പറഞ്ഞു നമ്മൾ എന്ത് ആർക്ക് കൊടുത്താലും അവർക്കു തിരിച്ചു തരാൻ പറ്റുന്നതാ ണെങ്കിൽ തിരിച്ചു തരും.

# ടാറ്റയുടെ വിജയഗാഥ



**Muhammed haleem 8C**

ഇന്ത്യയിലെ ഏറ്റവും വലിയ കോടീശ്വരന്മാരിൽ ഒരാളാണ് ടാറ്റ ഗ്രൂപ്പിന്റെ മേധാവി രത്തൻ ടാറ്റ .ടാറ്റ എന്ന കമ്പനിക്ക് ആറ്റോമിബിലെ ടി എം ടി തുടങ്ങി അനവധി മേഖലകളിൽ വ്യാപാരസ്ഥാപനങ്ങൾ ഉണ്ട്. ചരക്ക് വാഹനങ്ങളിൽ കൂടുതൽ ശ്രദ്ധ നൽകിയിരുന്ന ടാറ്റായുടെ ഓട്ടോമൊ ബൈൽ ഇൻഡസ്ടറി 2000 ത്തിനു ശേഷം നഷ്ടത്തിലേക്ക് നീങ്ങി ഒരു കാർ എന്ന് പറയാൻ ടാറ്റയ്ക്ക് അന്ന് മാർകെറ്റിൽ ഇൻഡിക്ക എന്ന വാഹനം മാത്രമേ ഉണ്ടായിരുന്നുള്ളു . അങ്ങനെയിരിക്കെ ടാറ്റായുടെ ഓട്ടോ മൊബൈൽ വിഭാഗത്തെ വാങ്ങണ മെന്ന് ആവശ്യപ്പെട്ട് രത്തൻ ടാറ്റ ഫോർഡ് എന്ന വാഹന നിർമാണ കമ്പനിയെ സമീപിച്ചു . നിങ്ങൾക്ക് വേണ്ടത്ര മൂല്യം ഇല്ല എന്ന് പറഞ്ഞു ഫോർഡ് ഗ്രൂപ്പിന്റെ മേധാവി രത്തൻ ടാറ്റായുടെ അപേക്ഷ നിരസിച്ചു .ടാറ്റ അവിടുന്ന് വളരെ വിഷമത്തോടെ ഇറങ്ങിപ്പോന്നു . വര്ഷങ്ങള്ക്ക ശേഷം ഫോർഡ് കമ്പനി നഷ്ടത്തിലാവുകയും അവർ ടാറ്റയെ സമീപിക്കുകയും ചെയ്തു . ടാറ്റ അത് സ്വീകരിക്കുകയും ചെയ്തു . വർഷങ്ങൾക്കിപ്പുറം ഇന്ന് ലോകത് ചരക്കുവാഹനങ്ങളും പാസ്സഞ്ചർ വാഹനങ്ങളും നിർമിക്കുന്ന ഏറ്റവും വലിയ ഇന്ത്യൻകമ്പനിയായി മാറിയി രിക്കുന്നു .എന്ന് ടാറ്റായുടെ_കീഴിൽ ആഡംബര വാഹനക്ക മ്പനികളായ ജാഗ്വാർ റേഞ്ച് റോവർ എന്നിവയുമുണ്ട് . സുരക്ഷിതത്വവും കൊണ്ടും ആഡംബരം കൊണ്ടും ഇന്ത്യയിലേ ഏറ്റവും നല്ല കമ്പനിയായി ടാറ്റ മാറി




# ഉമ്മയാണ് എന്റെ ജീവിതം



MARIYAM PH, 5A

ഒരിടത്ത് ഒരു ഉമ്മാക്ക് 3 മക്കൾ ഉണ്ടായിരുന്നു. ഫാത്തിമ , ഹാഷിം , മനാഫ് . രണ്ടാമത്തെ മകൻ ഹാഷിം വളരെ വാശികാരനും വികൃതിയുമായിരുന്നു . ഉമ്മ പറഞ്ഞാൽ ഒന്നും അനുസരിക്കില്ല . എല്ലാം വികൃതികളും കാണിക്കും . എന്ത് ഭക്ഷണം കൊടുത്താലും അതിനൊക്കെ കുറ്റം കണ്ടെത്തി ശകാരിക്കും . പക്ഷെ ഉമ്മ അത് എല്ലാം സഹിച്ചു . അവൻ വേണ്ടി എല്ലാം ചെയ്തു കൊടുക്കുമായിരുന്നു . ഉമ്മ ഒന്നും സ്വന്തമായി മേടിച്ചില്ലെങ്കിലും അവൻ വേണ്ടി എല്ലാം ചെയ്തുകൊടുത്തു . ഹാഷിമിന് അവന്റെ ഉമ്മാനെ ഇഷ്ടമായിരുന്നു എങ്കിലും അവൻ വികൃതികൾ കാണിച്ചു . അതിലെ തെറ്റ് അവൻ മനസ്സിലാക്കിയില്ല . ഒരു ദിവസം ഉമ്മാക്ക് അസുഖം വന്നു . എല്ലാവരും വളരെ അതികം വിഷമിച്ചു . ഡോക്ടറെ കാണിച്ചു . പക്ഷെ അസുഖം മാറിയില്ല . ആവസാനം അസുഖം കൂടി ഉമ്മ മരണപെട്ടു . അത് ഹാഷിമിന് താങ്ങാൻ പറ്റിയില്ല . അപ്പോഴാണ് ഉമ്മയുടെ വില അവന് മനസ്സിലായത് . ഈ കഥയിൽ നിന്നും നമ്മൾ മനസ്സിലാകെണ്ട കാര്യം ഉമ്മ ജീവിച്ചിരികുമ്പോൾ അവർ നമ്മളെ എത്രമാത്രം സ്നേഹിച്ചിരുന്നു എന്ന് മനസ്സിലാവില്ല അവരെ നഷ്ടപ്പെടുമ്പോൾ മാത്രമേ അത് മനസ്സിലാവുകയുള്ളൂ . അതിനാൽ മാതാപിതാക്കൾ പറയുന്നത് അനുസരിച്ച അവരെ വിഷമിപ്പിക്കാതെ ജീവിക്കുക .



# വേർപാട്



അഞ്ചു വി .ആർ, 9C

ജനൽചിൽ വെളിച്ചങ്ങൾ മങ്ങി മായുന്നോരീ
വീടിന് തെളിച്ചങ്ങളെങ്ങുപോയി
ഏകാന്തതീരങ്ങൾ തിരയടിക്കുന്നോരെൻ
മനസ്സിൽ നിയന്ത്രണം തെന്നി നീങ്ങി
പാദസ്വരങ്ങൾ പ്രധിധ്വനിപ്പിക്കുമീ
മതിലുകൾ തലതാഴ്ത്തി മൗനമായി
പിഞ്ചുമെയ്യ് അമരുന്ന പഞ്ഞിമെത്തയ്ക്കിന്നു
മൂടിപ്പുതച്ചിടാൻ നീയുമില്ല
രാവിൻ മിഴിതുറന്നമ്പരമാട്ടുവാൻ
കൂട്ടിനെന്നനയത്തു നീയുമില്ല
എൻ ശ്വാസവായുതൻ മർദ്ദ്ത്തിൽ നിന്നും നിൻ
സ്മരണകൾ ഓർക്കുവാൻ ബാക്കിയായി
എൻ കുഞ്ഞുമകളാകും വെണ്‍ചിത്രശലഭമേ
പാറിപ്പറന്നീടാൻ നീയെത്തുമോ ?
നെല്ലിമരത്തിന്റെ ചോട്ടിലിരിക്കുമെൻ
ചാരത്തു നീയിനി വന്നീടുമോ ??

# ഓർമകളിലെ അവൾ



**Nivedhya. T. S**

ഹലോ ;- ആ ആണോ അങ്ങനെ ഒരു സ്ഥലമോ

-അവൻ കേൾക്കുകയാണ്

അതാണ് നമ്മുടെ കഥയിലെ നായകൻ മിലിയോ. അവൻ ആരും പറയുന്നത് കേൾക്കാറില്ല കാരണം അവന് ഇഷ്ടം വേണ്ട എന്ന് പറയുന്നത് ചെയ്യാനാണ്.

മോനേ നീ അറിഞ്ഞോ

-അമ്മ പറയുന്നു

നമ്മുടെ ലിസിയെച്ചി ഇല്ലേ അവരുടെ വീടിന്റെ അടുത്ത് ഒരു സ്ഥലമുണ്ടത്രെ ആരോരും പോകാത്ത പോകാൻ താല്പര്യമില്ലാത്ത ഒരു ഭയാനകരമായ ഇടം.പക്ഷേ ഇത് ഒന്നും അറിയാതെ ഒരു പെൺകുട്ടി അവിടേക്കു പോയത്രെ അവൾ എവിടേക്കാണ് പോയത് എന്ന് ആർക്കും അറിയില്ലായിരുന്നു. രണ്ടു ദിവസമായിട്ട് അവൾ അവിടുത്തെ ഒരു വീട്ടിലും എത്തിയില്ല അവിടെ ആകെ കുറച്ചു കുറച്ചു വീടുകൾ മാത്രം ഉണ്ടായിരുന്നുള്ളു അതുകൊണ്ടുതന്നെ തിരച്ചിൽ നടത്താൻ എളുപ്പമായിരുന്നു .പിന്നെ അവർ എല്ലാവരും എല്ലായിടത്തും തിരച്ചിൽ തുടങ്ങി പക്ഷെ എത്ര അന്വേഷിച്ചിട്ടും അവളെ കാണാതായപ്പോൾ അവർ എല്ലാവരും ഉറപ്പിച്ചു അവൾ അവിടെ തന്നേ കാണും എന്ന്. പക്ഷെ ആർക്കും ധൈര്യം ഉണ്ടായില്ല അവിടേക്കു പോകാൻ ആയിട്ട്.

അമ്മയുടെ വാക്കുകൾ അവസാനിച്ചു ആകാംഷയോടെ അവന്റെ കണ്ണുകൾ തിളങ്ങി നിന്ന് ഒരു നക്ഷത്രത്തെപോലെ.

-അവസാനം അമ്മ ഒരു വാക്കുകൂടിപറഞ്ഞു......"നീ അങ്ങോട്ടൊന്നും പോകാൻ നിക്കരുത്ട്ടോ....! "

അവനു അതും കൂടെ കേട്ടപ്പോൾ ആവേശം കൂടി.

അതെ അവിടെയാണ് നമ്മുടെ കഥ ആരഭിക്കുന്നത്. അവൻ അവളെ കാണാനായിട്ട് അവളെ അന്വേഷിച്ച് അവൻ വീട്ടിൽ നിന്ന് ഇറങ്ങാൻ തീരുമാനിച്ചു.

അവൻ അവിടെ നിന്ന് ഇറങ്ങുകയാണ്.... അവിടെ നിന്ന്

ഇറങ്ങുന്നതിനു മുൻപ് അമ്മയുടെ വാക്കുകൾ അവന്റെ മനസിലേക്ക് ഓടിവന്നു..."നീ അങ്ങോട്ടൊന്നും പോകാൻ നിക്കരുത്ട്ടോ.... " പക്ഷെ അവളെ കാണണം എന്ന അതിയായമോഹം അമ്മയുടെ വാക്കുകളെ അവൻ അവഗണിച്ചു അങ്ങനെ അവൻ പാടിയറങ്ങുകയാണ് ഒരിക്കൽ തിരിച്ചു വരും എന്ന പ്രതീക്ഷയിൽ.

" 'അയ്യോ' എനിക്ക് ഇനി എന്തോരം ദൂരം നടക്കണം " - അവൻ പറഞ്ഞു

കാരണം അവന്റെ ഗ്രാമത്തിന്റെ തൊട്ടടുത്തുള്ള ഗ്രാമത്തിലാണ് ഈ സംഭവം.

അങ്ങനെ അവൻ നടത്തം തുടങ്ങി കുറച്ചു കഴിഞ്ഞപ്പോൾ അവൻ അവിടെ ഒരു ലോറി കണ്ടു അവൻ വണ്ടിയുടെ അടുത്തേക്ക് ചെന്നു. വണ്ടിയുടെ ഉളളിൽ ഒരാൾ ഇരുന്നു ഉറങ്ങുന്നുണ്ടായിരുന്നു അവൻ അയാളെ തട്ടി വിളിച്ചു " ചേട്ടാ ചേട്ടാ " ആയാൾ ഉണർന്നു "എന്താ എന്താ കാര്യം ? " - അയാൾ ചോദിച്ചു

-അവൻ പറഞ്ഞു....."എനിക്ക് അപ്പുറത്തെ ഗ്രാമത്തിലേക്ക് പോകാനാണ്.... ഈ വണ്ടി എങ്ങോട്ടാ പോകുന്നത്..? "

"അങ്ങോട്ട് തന്നെയാണ് പോകുന്നത് "

"ആണോ എന്ന എനിക്ക് ഒരു ലിഫ്റ്റ് താരോമോ "

"അതിനെന്താ വാ കയറിക്കോ "

അവൻ അത്ഭുതംപെട്ടു പോയി അവൻ വിചാരിച്ചത് നേരെ മറിച്ചുള്ള ഒരു മറുപടി ആയിരുന്നു.

അങ്ങെനെ അവർ യാത്ര തുടങ്ങി യാത്രക്കിടയിൽ അവർ പരിചയപെടുകയാണ്

- അവൻ ചോദിച്ചു:-

"ചേട്ടന്റെ പേരെന്താ"

-അയാൾ പറഞ്ഞു :-

"മൻസൂർ.... നിന്റെ പേരെന്താ..?"

"മിലിയോ"

- അവൻ പറഞ്ഞു

അങ്ങനെ അവർ തമ്മിൽ സംസാരിച് ആ രാത്രി മുന്നോട്ടുപോയി.പോകുന്നതിനിടെ ഉറക്കത്തിലേക്ക് ആഴ്ന്ന് പോയത് അവൻ അറിഞ്ഞില്ലാ. പിറ്റേന്ന് രാവിലെ മൻസൂർ തട്ടി വിളിച്ചപ്പോഴാണ് അവൻ ഉറക്കത്തിൽ നിന്ന് എഴുന്നേറ്റത്. അപ്പോഴാണ് അവൻ മനസിലാക്കിയത് അവൻ അവിടെ എത്തി എന്ന്.

അതിനുശേഷം അവൻ വണ്ടിയിൽ

നിന്ന് ഇറങ്ങി. മൻസൂറിനോട് യാത്രപറഞ്ഞു ഇനി എന്നെങ്കിലും കണ്ടുമുട്ടം എന്ന പ്രതീക്ഷയിൽ അവൻ അവിടെ നിന്ന് മടങ്ങി. പിന്നീട് ആ വിചനമായ വഴികളിലൂടെ അവളെ കണ്ടുമുട്ടം എന്ന വിശ്വാസത്തിൽ അവൻ നടന്നു. അങ്ങനെ നേരം ഇരുട്ടായികൊണ്ടിരിക്കുന്നു നടന്ന് നടന്ന് അവൻ അവിടെ ഒരു ആൾതാമസമില്ലാത്ത കാട്ടുപിടിച്ചുകിടക്കുന്ന ഒരു ബംഗ്ലാവിലെത്തി. ഉള്ളിലൊരു ഭയം ഒതുക്കികൊണ്ട് അവൻ മുന്നോട്ടു നടന്നു ആൾതാമസമില്ലാതിരുന്നത്കൊണ്ടുതന്നെ ഇലകൾ പൊഴിഞ്ഞു വീണ ആ വഴിയിലൂടെ അവൻ നടക്കുമ്പോൾ ഇലകളിൽ ചവിട്ടുമ്പോഴുള്ള ശബ്ദം അവന് കേൾക്കമായിരുന്നു. അങ്ങനെ ആ ഗയിറ്റ് തുറന്ന് അവൻ അകത്തു കയറി. അപ്പോൾ ഒരു തണുത്ത കാറ്റ് അവനെ തലോടുകയും അവിടെയുള്ള ഇലകൾ പറകുകയും ചെയുന്നു. അതിനിടയിൽ പെട്ടന്ന് ഒരു ചിലങ്കയുടെ ശബ്ദം അവൻ പെട്ടന്ന് പദറി. അപ്പോഴാണ് അമ്മപറഞ്ഞ വാക്കുകൾ അവന്റെ ഓർമയിൽ വന്നു "ആരോരും പോകാത്ത പോകാൻ താല്പര്യം ഇല്ലാത്ത ഭയാനകരമായ ഒരു ഇടം..................നീ അങ്ങോട്ടൊന്നും പോകാൻ നിക്കരുത്ട്ടോ " ഈ വാക്കുകൾ അവന്റെ മനസിലേക്ക് അവനിലെ ഓരോ നീക്കത്തിലും കയറിവരുന്നുണ്ടായിരുന്നു. എന്നാലും ചിലങ്കായുടെ ശബ്ദത്തെ അവഗണിച് കൊണ്ട് അവൻ ധൈര്യം സംഭരിച് അവൻ മുന്നോട്ട് നടന്നു. അവൻ നടക്കുന്നതിനിടയിൽ ഒരു ഇടുങ്ങിയ ചെറിയ മുറികണ്ടു ആ മുറിയുടെ വാതിലുകൾ അടച്ചിട്ടിരിക്കുകയായിരുന്നു അവിടെ അവൻ ഒരു ജനാല കണ്ടു അതിലൂടെ അവൻ അതിലൂടെ അവൻ ആ മുറിയുടെ ഉള്ളിലേക്ക് നോക്കുകയാണ് ആ സമയത്താണ് ഒരു കറുത്ത നിഴൽ അവന്റെ കൈകളിൽ വന്നു ആഞ്ഞടിച്ചു അവൻ ഒന്ന് ഭയപ്പെട്ടു പക്ഷെ അവൻ അവിടെ നിന്ന് മാറാൻ തയ്യാറായില്ല അവൻ അവൻ ആ മുറിയുടെ ഉള്ളിലേക്ക് നോക്കി ചോദിച്ചു "ആരാ അത് "മറുപടിയില്ല, അവൻ വീണ്ടും ചോദിച്ചു "ആരാ ആരാ അത് " അപ്പോൾ ഒരു ചെറിയ ശബ്ദത്തിൽ അവൾ പറഞ്ഞു "മേലെസ"അവന്റെ കണ്ണുകൾ ജ്വലിച്ചു അത് അവളാണ് അവൻ ഉറപ്പിച്ചു .അവളെ കാണാനുള്ള തിടുക്കാമായിരുന്നു അവന്. അവൻ ചോദിച്ചു :-

" നീ അല്ലേ ലിസെജി പറഞ്ഞ

ആ പെൺകുട്ടി. അതെ എനിക്ക് ഉറപ്പാണ് "

അവളാണോ എന്ന് അറിയാനുള്ള തിടുക്കത്തിൽ അവൻ എന്തൊക്കെയോ പറയുകയാണ്. അവൾക്ക് ഇത് ഒന്നും മനസിലാവാതെ അവൾ ചോദിച്ചു :-

" ലിസെച്ചിയോ അത് ആരാണ് "

അവൻ പറഞ്ഞു:-

" ആന്നേ ലിസെച്ചി.... അവര് പറഞ്ഞു നിന്നെ കാണാതായിട്ട് കുറച്ചുദിവസമായി എല്ലാവരും നീ വരുന്നത് മാത്രമാണ് കണ്ടത് രണ്ടു ദിവസമായി നിന്നെ തിരികെ കാണാത്തത് കൊണ്ട് എല്ലാ വീടുകളിലും നിന്നെ അന്വേഷിച്ചത്രേ പക്ഷേ അവിടെ എവിടെയാണ് കാണാഞ്ഞത് കൊണ്ട് നീ ഇവിടെ തന്നെയാണ് എന്ന് എല്ലാവരും ഉറപ്പിച്ചു. എന്റെ മനസ്സിൽ ഉണർന്ന നിന്നെ കാണാൻ ആയിട്ടാണ് ഞാൻ അപ്പുറത്തെ ഗ്രാമത്തിൽ നിന്ന് ഇവിടെ വരെ എത്തിയത്. അവൾ ചോദിച്ചു:-

" അപ്പുറത്തേക്ക് ഗ്രാമത്തിൽ നിന്നോ അതും എന്നെ കാണാൻ ഏയ് അതൊരിക്കലും നടക്കില്ല."

അവൻ പറഞ്ഞു:-

" മിലിയോ "

" അല്ല.......... നീ എന്തിനാ ഇവിടെ വന്നേ? നീയെങ്ങനെയാ ഇവിടെ എത്തിയേ?

അവളുടെ ശബ്ദം കാണും അപ്പോൾ അവന് മനസ്സിലായി എന്തോ പ്രശ്നമുണ്ടെന്ന് അവൻ വീണ്ടും ചോദിച്ചു:-

" എന്താ എന്തുപറ്റി? എന്താ പ്രശ്നം? "

അവൾ പറഞ്ഞു:-

" ഞാൻ........ ഞാൻ എന്റെ ഒരു കൂട്ടുകാരിയുടെ വീട്ടിൽ പോകാൻ വേണ്ടിയാണ് ഇവിടെ എത്തിയത് അവൾ വഴി പറഞ്ഞു തന്ന ഓർമ്മയിൽ ഞാൻ നടന്ന പക്ഷേ ഞാൻ എത്തിയത് വേറെ ഒരു സ്ഥലത്താണ് അവിടെ നിറയെ ആണുങ്ങൾ നിൽക്കുന്നുണ്ടായിരുന്നു അപ്പോഴാണ് എനിക്ക് മനസ്സിലായത്. കാരണം അവർ പറഞ്ഞത് ഞാൻ ഓർക്കുന്ന "കുറച്ചുകൾ നിറഞ്ഞ ഒരു വഴിയിലാണ് എന്റെ വീട് ". പക്ഷേ ഞാൻ എത്തിയത് ഒരു വീട് പോയിട്ട് ഒരു ചെറിയ കുടിൽ പോലും ഇല്ലാത്ത സ്ഥലത്താണ്. അങ്ങനെ ഞാൻ തിരിച്ചു നടന്ന നടക്കുന്നതിനിടെ എന്റെ പുറകിൽ ആരോ നടക്കുന്നുണ്ട് എന്ന് ഞാൻ ഉറപ്പിച്ചു പക്ഷേ ഞാൻ തിരിഞ്ഞു നോക്കിയില്ല.അങ്ങനെ കുറച്ചു നടന്ന കഴിഞ്ഞപ്പോൾ എന്റെ കാലുകൾ കഴച്ചു ഞാൻ ഒന്ന് നിന്ന ആ സമയം പുറകിൽ നിന്ന് ഒരു കൈ വരുകയും

എന്റെ വായ പൊത്തുന്നത് മാത്രമേ എനിക്ക് ഓർമ്മയുള്ളൂ പിന്നീട് ഉണർന്നത് ഇവിടെയാണ്.
അവൻ പറഞ്ഞു:-
" അയ്യോ എന്നിട്ട് എന്തു പറ്റി..... നമ്മൾ കുറെ നേരമായില്ലേ ഇങ്ങനെ അപ്പുറത്തും ഇപ്പുറത്തും സംസാരിക്കുന്നത്. വാതിൽ തുറന്ന് നീ ഇങ്ങോട്ട് വരികയാണെങ്കിൽ നമ്മൾക്ക് കൂടുതലും സംസാരിക്കാമായിരുന്നു. "
അവളെ കാണാൻ അവനെ തിടുക്കം കൂടി അവൻ അറിഞ്ഞില്ല അവിടെ എന്താ സംഭവിക്കാൻ പോകുന്നത് എന്ന്.
ആ മുറിയുടെ വാതിലുകൾ തുറക്കുന്നു അവൻ ജനാലകളുടെ അടുത്ത് നിന്നെ മാറി വാതിലിന്റെ അടുത്തേക്ക് നീങ്ങി അവളുടെ നിഴലുകൾ അവനെ തഴുകി.....! അവളുടെ ആ നിഷ്കളങ്കമായ മുഖം കാണാനായി അവൻ ആകാംക്ഷയോടെ നിൽക്കുകയാണ്......!
" മോനേ മിലിയോ "....... അമ്മ വിളിക്കുന്നു അവൻ ഞെട്ടി എഴുന്നേറ്റു. അപ്പോഴാണ് അവന് മനസ്സിലായത് ഗ്രാമവും ഒന്നും യാഥാർത്ഥ്യമല്ല എന്ന് അത് വെറുമൊരു സ്വപ്നമായിരുന്നു എന്ന്.
ഉറക്കത്തിൽ നിന്ന് എഴുന്നേറ്റ ക്ഷീണത്തിൽ അവൻ ചോദിച്ചു :-
" എന്താ അമ്മേ......! "
അമ്മ പറഞ്ഞു:-
" എടാ നമ്മുടെ ലിസേച്ചി ഇല്ലേ.................... അത്ഭുതപ്പെട്ട് അതിശയത്തോടെ കിളി പോയ ഒരാളെപ്പോലെ അവൻ അവിടെ ഇരുന്ന് ആലോചിക്കുകയാണ്......!

# മൺതരിയിൽ നിന്ന് മലയിലേക്ക്



MUHAMMED RIHAN 6A

ഒരിടത്ത് ഒരു ദ്രൂപ്പുകാരിയായ അമ്മക്ക് നാലാംകുഞ്ഞ് ജനിക്കാൻ പോവുകയാണ്. അങ്ങനെ അവർ ആ കുഞ്ഞിനെ ബിയർ കുടിച്ച് ഒഴിവാക്കാൻ ശ്രമിക്കുന്ന കാരണം ഇനി ഒരു കുഞ്ഞിനെ നോക്കാനുള്ള പൈസ അവരുടെ കയ്യിൽ ഇല്ല. പക്ഷെ അതിനെ അതിജീവിച്ച് ആ കുഞ്ഞ് ജനിക്കുന്നു. അങ്ങനെ ആ അമ്മ അവൻ പേരിടുന്നു സാക്ഷാൽ ക്രിസ്റ്റ്യാനോ റൊണാൾഡോ.അവന് ഏറ്റവും ഇഷ്ടമുള്ള കളിയായിരുന്നു കാൽപന്ത്. അങ്ങനെ അവന്റെ കഴിവ് വെച്ച് അവൻ ഒരു ചെറിയ ടീമിൽ കയറി കഴിന് വമ്പൻമാരായ മാൻജെസ്റ്റർ യൂണിറ്റി അവനെ കൈക്കലാക്കി. അതു കഴിഞ്ഞ് റിയൽമാൻഡർ അതായിരുന്നു അവന്റെ ജീവിതത്തിലെ ഏറ്റവും നല്ല നിമിഷങ്ങൾ. റിയൽമാൻഡയറിനോടൊപ്പമുള്ള നിമിഷങ്ങൾ അവൻ റിയൽമാൻഡറിനോടൊപ്പം കുറേ റെക്കോർഡ് കൈക്കലാക്കി. അതു കഴിഞ്ഞ് അവനെ ജുവെൻറ്റേഴ്സ് കൈക്കലാക്കി. അപ്പോൾ ജനങ്ങൾ ആർക്കും അവനെ അറിയുകയില്ലായിരുന്നു. അവൻ ഒരു മൺതരിയായിരുന്നു, ആർക്കുമറിയാത്ത ഒരു മൺതരി. പക്ഷെ അവനിപ്പോൾ ഒരു മലയായിരിക്കുന്നു.

# സന്തോഷവതിയായ അമ്മൂമ്മ



SARA MANOJ 8B

ഒരിടത്ത് ഒരു മുത്തശ്ശി ഉണ്ടായിരുന്നു. ആ മുത്തശ്ശിക്ക് സങ്കടം എന്നത് എന്താണെന്ന് അറിയില്ലായിരുന്നു. മുത്തശ്ശി മുത്തശ്ശിയുടെ ജീവിതം വളരെ സന്തോഷത്തോടെയാണ് കൊണ്ടുപോയിരുന്നത്.

ഒരിക്കൽ മുത്തശ്ശി ഒരു വീട്ടിൽ ചെന്നു. ആ വീട്ടിൽ ഒരു പെൺകുട്ടി മാത്രമാണ് ഉണ്ടായിരുന്നത്.ആ പെൺകുട്ടിയുടെ പേര് പെർസില്ല.

മുത്തശ്ശി അവളോട്:ഹേ പെർസില്ല നിനക്ക് സുഖമല്ലേ? അതേ മുത്തശ്ശി എനിക്ക് സുഖമാണ് പക്ഷേ ഞാനിവിടെത്തെ ജോലി ചെയ്തു മടുത്തു. ഓ നീ വിഷമിക്കേണ്ട ബാക്കിയെല്ലാം ഞാൻ ചെയ്യാം.എന്നുപറഞ്ഞുകൊണ്ട് മുത്തശ്ശി ആ വീട്ടിലെ ജോലി ചെയ്യുമാ യിരുന്നു. അവിടന്ന് പലഹാ രവും ജ്യൂസും കിട്ടും കൂടാതെ ചിലപ്പോൾ പണവും കൊണ്ടു പോകാറുണ്ട്. അങ്ങനെ മുത്തശ്ശി വീട്ടിൽ ഇരിക്കു മ്പോൾ ജനൽ തുറന്നു അപ്പോൾ മുത്തശ്ശി: തണുപ്പുകാലം വന്നു എനിക്ക് ചൂടിന് വേണ്ടി വിറക് വേണം ഞാൻ പോയി വിറക് എടുത്തുകൊണ്ടു വരാം എന്നുപറഞ്ഞുകൊണ്ട് മുത്തശ്ശി കാട്ടിലൂടെ മൂളിപ്പാട്ടും പാടി കൊണ്ട് നടന്നു. അപ്പോൾ വഴിയിൽ ഒരു മൺകുടം ഇരിക്കുന്നത് മുത്തശ്ശി ശ്രദ്ധിച്ചു. ആ മൺകുടത്തിന്റെ ഉടമസ്ഥൻ വരുന്നത് വരെ മുത്തശ്ശി അവിടെ തന്നെ നിന്നു. കുറെ നേരമായിട്ടും ആരും വരാത്തത് കൊണ്ട് മുത്തശ്ശി മൺകുടം വീട്ടിൽ കൊണ്ടു പോകാം എന്ന്



തീരുമാനിച്ചു. മുത്തശ്ശി ആ മൺകുടത്തിൽ പൂ നടാം എന്നു പറഞ്ഞ് മൺകുടം തുറന്നു. ആ മൺകുടം മുത്തശ്ശി തുറന്നപ്പോൾ ഞെട്ടിപ്പോയി. അതിൽ നിറയെ സ്വർണങ്ങൾ ആയിരുന്നു. സ്വർണങ്ങൾ കണ്ട സന്തോഷത്തിൽ മുത്തശ്ശി "ഞാൻ ഞാൻ പണക്കാരി ആയി എന്നു വിളിച്ചു കൂവാൻ തുടങ്ങി". ആ മൺകുടത്തിന് നല്ല ഭാരം ഉണ്ടായിരുന്നതുകൊണ്ട് മുത്തശ്ശിക്കത എടുക്കാൻ സാധിച്ചില്ല. അതുകൊണ്ട് മുത്തശ്ശി വിറക് വയ്ക്കാൻ കൊണ്ടുവന്ന ഉന്തുവണ്ടിയിൽ കയറ്റി വലിച്ചു കൊണ്ടു പോയി. ഇങ്ങനെ കൊണ്ടുപോകുമ്പോൾ ആർക്കും മനസ്സിലാവില്ല അതുകൊണ്ട് കുറച്ചു സ്വർണനാണയങ്ങൾ ആരും അറിയാതെ വീട്ടിൽ കൊണ്ടുപോയി വെക്കാം എന്ന് മുത്തശ്ശി വിചാരിച്ചു. അതിനുശേഷം സ്വന്തം വീട് വാങ്ങി അതിലൊരു ചാരു കസാര ഇട്ട് തണപ്പത്ത് നല്ല ചൂട് ചായ കുടിക്കണം എന്നത് മുത്തശ്ശിയുടെ വലിയ ആഗ്രഹമായിരുന്നു. അങ്ങനെ വിചാരിച്ചു നടക്കുമ്പോൾ മുത്തശ്ശിക്ക് ക്ഷീണം തോന്നി. ക്ഷീണിതയായ മുത്തശ്ശി ഒരു മരച്ചുവട്ടിൽ ഇരുന്ന് കുടം തുറന്നപ്പോൾ അതിലെ സ്വർണ്ണ നാണയങ്ങൾക്ക് പകരം വെള്ളിനാണയങ്ങൾ ആയിരുന്നു ഉണ്ടായിരുന്നത്. എന്നാലും മുത്തശ്ശി അതിൽ സന്തോഷിച്ചു. മുത്തശ്ശി വെള്ളി നിറഞ്ഞ കുടവുമായി നടന്നുകൊണ്ട് മുത്തശ്ശി ചിന്തിച്ചു. ഈ വെള്ളി കൊണ്ട് വീട് ഒന്നും വാങ്ങാൻ കഴിയില്ല എങ്കിലും ഒരു ചാരുകസേര വാങ്ങാൻ കഴിയും എന്ന് വിചാരിച്ചു കൊണ്ട് നടന്നപ്പോൾ മുത്തശ്ശിക്ക് പിന്നെയും ക്ഷീണം തോന്നി. ഷീണിതയായ മുത്തശ്ശി അവിടെ ഉണ്ടായിരുന്ന ഒരു മരച്ചുവട്ടിൽ ഇരുന്നുകൊണ്ട് കുടം തുറന്നു നോക്കിയ പ്പോൾ അതിലുണ്ടായിരുന്ന വെള്ളി നാണയങ്ങളെല്ലാം ഇരുമ്പായി മാറിയിരുന്നു. അതിലും മുത്തശ്ശി സന്തോഷിച്ചു മരണം ഇരുമ്പ് വിറ്റ് ആ പൈസക്ക് ചാരു കസാര വാങ്ങിക്കാം എന്ന് മുത്തശ്ശി ചിന്തിച്ചു. അങ്ങനെ മുത്തശ്ശി വീട്ടിലെത്തി. വീട്ടിലെത്തിയ മുത്തശ്ശി ആ കുടം തുറന്നു നോക്കിയ പ്പോൾ കുടത്തിനു മുകളിൽ ഒരു തുണിയുണ്ടായിരുന്നു. മുത്തശ്ശി ആ തുണി മാറ്റി നോക്കിയപ്പോൾ അത് വെറുമൊരു കല്ല് ആയിരുന്നു. അതിലും മുത്തശ്ശി സന്തോഷിച്ചു. കാരണം മുത്തശ്ശി പറഞ്ഞു: സ്വർണ്ണമായാലും വെള്ളി ആയാലും പണം ആയാലും ഒരു വലിയ തലവേദന തന്നെയാണ്. അതുമാത്രമല്ല. എന്റെ വീടിന്റെ വാതിലിന് ഒരു കല്ല് വേണമായിരുന്നു

അതുകൊണ്ട് ഇതുതന്നെ ധാരാളം. അങ്ങനെ വീടിന്റെ ഗേറ്റ് തുറന്നപ്പോൾ ആ ചെറിയ കല്ല് വലിയ കല്ലായി മാറി. അതിലും മുത്തശ്ശി സന്തോഷിച്ചു. മുത്തശ്ശി പറഞ്ഞു: എനിക്ക് പറ്റിയ കല്ല് ഇതിൽ ഇരുന്നുകൊണ്ട് എനിക്ക് ചായ കുടിക്കാം.അപ്പോൾ പെട്ടെന്ന് ആ കല്ല് ഒരു മനോഹരമായ പന്നി ആയി മാറി. അതിന് രണ്ട് കാലും രണ്ട് കൈയും വലിയ ചെവിയും ചുവന്ന കണ്ണും വെളുത്ത പല്ലും അതിനുണ്ടാ യിരുന്നു. മുത്തശ്ശി വീണ്ടും സന്തോഷിച്ചു. എനിക്കൊരു പെറ്റിനെ വേണമാ യിരുന്നു. പെട്ടെന്ന് പെട്ടെന്ന് ആ പന്നി ചിത്രശലഭമായി പറന്നു പോയി. മുത്തശ്ശി കാര്യം അറിയാതെ ഒരു ഞെട്ടലോടെ അവിടെ നിന്നു. എങ്കിലും മുത്തശ്ശിക്ക് അതിൽ സന്തോഷമാ യിരുന്നു. വീട്ടിൽ കയറിയ മുത്തശ്ശി കണ്ടത് വലിയ മനോഹരമായ ഒരു ചാരുകസേര. ആ സന്തോഷത്തിൽ ചായയുണ്ടാക്കാൻ പോയ മുത്തശ്ശി കണ്ടത് സ്വർണ്ണവും വെള്ളിയും ഇരുമ്പും ഒക്കെ അവിടെ ഇരിക്കുന്നു. മുത്തശ്ശി മുത്തശ്ശിയുടെ ജീവിതം വളരെ സന്തോഷത്തോടെ ജീവിച്ചു.

ഗുണപാഠം

നമുക്ക് അത്യാഗ്രഹം പാടില്ല. നമുക്ക് കിട്ടുന്നത് എത്ര ചെറുതാണെങ്കിലും അതിൽ സന്തോഷം കണ്ടെത്തണം.

# ഇരുട്ടിൻ്റെ ആത്മാവ്



**ABDUL BASITH 10B**

പ്രശസ്തനായ മലയാള സാഹിത്യത്തിലെ എഴുത്തുകാരനായ എം.ടി വാസുദേവൻനായർ നായർ എഴുതിയ 'ഇരുട്ടിൻ്റെ ആത്മാവ്' എന്ന കഥയിൽ ആദ്യ ഭാഗത്ത് പറയുന്നത് ഒരു മനുഷ്യൻ തന്റെ ജീവിതത്തിൽ താനൊരു ഭ്രാന്തനാണെന്ന കാരണത്താൽ നേരിടേണ്ടി വന്ന വേദനകളും യാതനകളുമാണ്. കഥയിലെ പ്രധാന കഥാപാത്രമായ വേലായുധൻ അദ്ദേഹം സ്വയം തൻ്റെ മനസ്സിൽ അദ്ദേഹം ഭ്രാന്തനല്ലെങ്കിലും മറ്റു കുടുംബക്കാരുടെയും ആളുകളുടേയും മുമ്പിൽ അദ്ദേഹം ഒരു വലിയ ഭ്രാന്തനാണ്. ആ കാരണത്താൽ അദ്ദേഹത്തിന് അച്യുതൻനായർ എന്ന വീട്ടിലെ കാരണവരുടെ അടുത്ത് നിന്നും മറ്റും അക്രമങ്ങൾ നേരിടേണ്ടി വന്നത്. ഈ കഥയിലെ ഓരോ സന്ദർഭവും വളരെയധികം വേദനാജനകമായ രംഗങ്ങളാണ് അവന് ഭ്രാന്താണ് എന്ന കാരണത്താൽ വീടിൻ്റെ വടക്കു ഭാഗത്തെ ചായ്പ്പിൽ കൊണ്ട് ചങ്ങലയ്ക്ക് ഇട്ടപ്പോൾഉള്ള രംഗങ്ങളെല്ലാം അവർ അവനോട് കാണിക്കുന്ന ക്രൂരതയുടെ നേർചിത്ര ങ്ങളാണ് . ഇരുട്ടിൻ്റെ ആത്മാവ് എന്ന കഥയിലെ വേലായുധൻ എന്ന കഥാപാത്രത്തിലൂടെ ഇന്നത്തെ സമൂഹത്തിൽ ഭ്രാന്തനാണ് എന്ന കാരണത്താൽ മനുഷ്യർ അനുഭവിക്കുന്ന യാതനകൾ നമ്മുടെ മുന്നിലേക്ക് തുറന്നു നൽകുന്നു. കേവലം ചില തെറ്റിധാരണങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും പേരിൽ ഓരോ മനുഷ്യനും വളരെയധികം വിഷമത്തോടെയാണ് അവരുടെ ജീവിതം മുന്നോട്ട് നയിക്കുന്നത്.

ഏകാന്തത എന്ന ഒരു വലിയ സാഹചര്യത്തിൽ മനുഷ്യർ അനുഭവിക്കുന്ന നോവുകൾ വേലായുധൻ എന്ന കഥാപാത്രം നമുക്ക് മനസ്സിലാക്കി തരുന്നു. നമ്മുടെ ഈ കൊച്ചു കേരളത്തിൽ നടന്നുകൊണ്ടിരുന്ന ഓരോ സംസ്കാരങ്ങളുടെ ഭാഗമായിത്തീർന്ന കാര്യങ്ങ ളെല്ലാമാണ് ഈ കഥയിൽ എം.ടി വാസുദേവൻ നായർ സമാഹരി ച്ചിരിക്കുന്നത്. അന്നത്തെ കാലത്തെ മനുഷ്യൻരുടെ മനസികാവസ്ഥ നമുക്ക് ഇതിലൂടെ മനസ്സിലാക്കാൻ കഴിയുന്നു.ഈ കഥയിൽ മനുഷ്യൻ ആണെന്ന് പോലും നോക്കാതെ അവർ വേലായുധനെ അക്രമിക്കുന്നതും അവനെ മർദ്ദിക്കുന്ന തുമെല്ലാം കഥയിൽ നമുക്ക് കാണാം.

വീടിന് പുറത്തേക്കു കടക്കാൻ പോലും അവനെ അനുവദിക്കാതെ വീട്ടിലുള്ള ചെറിയ കുട്ടികൾ പോലും അഥവാ അമ്മാമ്മ ഒഴികെയുള്ള ബാക്കിയുള്ള വരെല്ലാം ഇവനെ മർദ്ദിക്കുന്നു എന്നത്

വേദനാജനകമാണ്.

അത് പോലെ തന്നെ ചങ്ങല പൊട്ടിയപ്പോൾ അവൻ പുറത്ത് കടക്കുമ്പോഴും എല്ലാം അവനെ അവർ വളരെയധികം അകറ്റി നിർത്തുന്നത് നമുക്ക് കാണാൻസാധിക്കുന്നു. അവൻെറ കുട്ടി കാലത്തെ ആത്മസുഹൃത്തായ അമ്മുക്കുട്ടി.അവളോടുള്ള ആത്മസ്നേഹത്താൽ അവനെ ഒന്ന് കാണണം എന്നെ ആഗ്രഹത്താൽ വേലായുധൻ അവളുടെ വിട്ടിന്റെ അടുത്ത് ചെന്ന് അവളെ കാണാൻ ശ്രമിക്കുമ്പോൾ അവളും ഭ്രാന്തൻ എന്ന് വിളിച്ച് ഓടി പോവുകയും അവളുടെ വീട്ടിൽ നിന്ന് ആളുകൾ വേലായുധ ഓടിക്കാൻ വരുമ്പോൾ വേലായുധൻ്റെ മനസ്സിൽ അവൾ തന്നോട പുലർത്തിയിരുന്ന സ്നേഹവും ബന്ധവുമെല്ലാം അവൾ മറന്നോ എന്ന് മനസ്സിൽ മിന്നിമറഞ്ഞുകൊണ്ടിരിക്കുന്നു. ഞാൻ വേലായുധനാണെന്ന് പറഞ്ഞിട്ടും അവൾക്ക് അത് മനസ്സിലാവാത്തതിനാൽ വേലായുധൻ അവിടെ നിൽക്കാതെ പോകുന്നതെല്ലാം നമുക്ക് കാണാം ഈ അവസരത്തിൽ അവൻ അവൻ്റെ ചുണ്ടുകൾ ഒന്ന് നനക്കാൻ ശ്രമിക്കുമ്പോ നെറ്റിയിൽ നിന്ന് വരുന്ന ചോരയുടെ ഉപ്പ് രുചിയാണ് അവന് ലഭിക്കുന്നത്. ശേഷം അവൻ തിരിച്ച് വീട്ടിൽ എത്തിയപ്പോഴും അവനെ അകറ്റാൻ ശ്രമിക്കുമ്പോരു അവൻ തൻ്റെ ശരീരത്തിലൂടെ ഒന്ന് കണ്ണോടിക്കുമ്പോൾ അവൻ ഇപ്പോൾ നഗ്നനാണ് എന്ന് വേലായുധൻ തിരിച്ചറിയുന്നു. അവസാനം അവൻ കോലായിൽ ചെന്ന് വേച്ച് വേച്ച് നടന്ന് അ വിടെ ചെന്ന് വീഴുമ്പോൾ അവനെ ആക്രമിക്കാൻ വരികയാണെന്ന് മുന്നിൽകണ്ട് അവൻ സ്വയം താൻ ഭ്രാന്തൻനാണെന്ന് ഏറ്റുപറയുന്ന അവസരത്തിൽ വേലായുധന്റെ ജീവിതത്തിൽ അവൻ കടന്ന്പോയ ദുഷ്കരമായ പാതകൾ നമുക്ക് ചിന്തിച്ച് എടുക്കാൻ സാധിക്കുന്നു . മനുഷ്യന്റെ ജീവിതത്തിലെ അവൻ അനുഭവിയ് ക്കേണ്ടി വന്ന നോവുകൾ കൊണ്ട് വിടർത്തിയ കഥകളാണ് എം . ടി വാസുദേവൻ നായരുടെ `ഇരുട്ടിന്റെ ആത്മാവ് ' എന്ന ഈ കഥയിലൂടെ നമുക്ക് ദൃശ്യമാകുന്നത് . വായനയെ ഇഷ്ടപെടുന്ന വ്യക്തി വഴിച്ചിരിക്കേണ്ട ഒരു പുസ്തകമാണ് ഇരുട്ടിന്റെ ആത്മാവ് .

# ART GALLERY












**DIYA PARVEEN 10B**



**ANCIYA BIJU 8B**











**ISHA AJAI , 9B**









**MUHAMMED SAHIL C A**
**7B**













































Durga T.S









SAFNA FATHIMA 8C





AISWARY
KURIAN
8C



SAFNA FATHIMA 8C